# ശ്രീ വിഠോബാ ഹൈസ്കൂൾ

## കായംകുളം

# വേദി 2019

## ലിറ്റിൽ കൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

കാലത്തിന്റെ അനന്തമായ പ്രയാണത്തിനിടയിൽ ഒരു മഹാ പ്രളയം ഏല്പിച്ച ദുരന്തം ഏറ്റുവാങ്ങാൻ വിധിക്കപെട്ട ഒരു നാടും , നാട്ടുകാരും ഒരുമയുടെ സ്നേഹത്തുഴകൾ എറിഞ്ഞു സഹയാത്രികർക്കായി കരുതാം നമുക്കൊരു കരം .

ഓണാട്ടുകരയുടെ ചരിത്രം ഉറങ്ങുന്ന കായംകുളം ദേശത്തെ ദശാബ്ദങ്ങളുടെ പാരമ്പര്യം ഉൾകൊള്ളുന്ന വിദ്യാലയം, ശ്രീ വിഠോബാ ഹൈ സ്കൂൾ പഴമയുടെ മൂല്യങ്ങളും , നൂതന സാങ്കേതിക വിദ്യയും പരസ്പരം കൈകോർത്തുകൊണ്ടുള്ള പഠനയാത്രയിൽ ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റിസിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട ഡിജിറ്റൽ മാഗസിൻ **വേദി 2019** ആസ്വാദകർക്ക് മുന്നിൽ സവിനയം സമർപ്പിക്കുന്നു



MEENAKSHI SOMARAJAN
Group Leader

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ



ശ്രീനിവാസ പൈ

## സബ് എഡിറ്റർ



മീനാക്ഷി സോമരാജൻ



അയിഷാ മോൾ



ആർച്ച എ



മുഹമ്മദ് മുക്താർ

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഇൻ ചാർജ്



**സന്തോഷ് കെ**
**കൈറ്റ് മാസ്റ്റർ**



**വി എസ് സുമാദേവി**
**കൈറ്റ് മിസ്ട്രസ്**

കായംകുളം ശ്രീ വിഠോബാ ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു വർഷം പൂർത്തിയാക്കുന്നതോടൊപ്പം ഒരു ഡിജിറ്റൽ ഡയറി പുറത്തിറക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്ക്കൂളിന് അകത്തും പുറത്തും മികച്ച അഭിപ്രായവും പ്രവർത്തനങ്ങളും നടത്താൻ സാധിച്ച ഈ യൂണിറ്റിലെ അംഗങ്ങൾക്ക് അവരുടെ കലാ - സാഹിത്യ സൃഷ്ട്ടികൾ പ്രകാശിപ്പിക്കുന്നതിനും " വേദി 2019 " നു കഴിയുമെന്ന് പ്രതീക്ഷിക്കുന്നു .



ആർ മായാ
ഹെഡ് മിസ്ട്രസ്
ശ്രീ വിഠോബാ ഹൈ സ്കൂൾ

www.hotdw.com



**L SUDHANYA**
Staff Secretary

This is a time of great changes. In education also we see fast changes. We should learn how to " Let go" the negative suggestions of human side of our nature and learn how to let God bring happiness to us

**As Confucius says**

" The gem cannot be polished with out friction
, Nor man perfected with out trail"

We need to recognise, appreciate, applaud and foster the fine blend of sensitivities in child. My congratulation to this initiative to set the budding minds free allowing them free in the realm of imagination and experience to create a world of beauty in words .

# ഉള്ളടക്കം


പേജ് നമ്പർ

1. ശ്രീ വിഠോബാ ഹൈസ്കൂൾ

ചരിത്ര സ്മരണയിലൂടെ . . 7

2. ലിറ്റിൽ കൈറ്റ്സ്

യൂണിറ്റ് ലക്ഷ്യങ്ങൾ 9

വാർഷിക റിപ്പോർട്ട് 11

3. കൈത്താങ്ങ് പ്രവർത്തനം 14

4. സ്പേസ് വീക്ക് 15

5. അതിർവരമ്പില്ലാത്ത ആകാശം 17

6. വർക്ക് ഡയറി പ്രകാശനം 18

7. നിരായുധന്റെ സമരകാല - കരാട്ടെ 19

8. അറിവിന്റെ അളവ് 20

9. കമ്പ്യൂട്ടറിന്റെ ഉള്ളറകളിലൂടെ 21

10. സ്നേഹ സ്പർശം 25

11. ജില്ലാ കലോത്സവം 27

12. ഹായ് കുട്ടുകാരാ 32

13. സൗരയൂഥം 36

14. സ്കൂൾ വിക്കി 37

15. അക്ഷര ദീപം 42

# ശ്രീ വിഠോബാ ഹൈസ്കൂൾ

ചരിത്ര സ്മരണയിലൂടെ .....................................




കാലത്തിനും സമയത്തിനും മാറ്റിമറക്കാനാവാത്ത ചരിത്രമുറങ്ങുന്ന കായംകുളത്തിന്റെ മണ്ണിൽ സംസ്കൃതിയുടെ ഉത്തമ ഉദാഹരണമായി തലയെടുപ്പോടെ നിൽക്കുന്ന ശ്രീ വിഠോബാ ഹൈ സ്കൂൾ ഇന്നും എന്നും ഒളിമങ്ങാതെ ഓർമ്മകൾ സമ്മാനിക്കുന്ന ഒരു സരസ്വതി ക്ഷേത്രമായി ജനമനസുകളിൽ സ്ഥാനം പിടിച്ചു നിൽക്കുന്നു. ബ്രിട്ടീഷുകാർക്കെതിരായുള്ള ഭാരതീയരുടെ സ്വാതന്ത്ര്യ സമരം കൊടുമ്പിരികൊണ്ടിരുന്ന കാലം. ഗാന്ധിജിയുടെ സമരാഹ്വാനങ്ങളും ഉദ്ബോധങ്ങളും പൂർണമായും ഉൾകൊള്ളുന്ന ഭാരതീയ ജനത. അക്കാലത്തു വിദ്യാസമ്പന്നരും ക്രാന്തദർശിയുമായിരുന്ന ഗൗഡ സാരസ്വത ബ്രാഹ്മണ സമുദായത്തിന് അവരുടേതായ ദേവസ്വവും അതിന്റെ വക ഒരു സ്കൂൾ ഉണ്ടാകണമെന്നുള്ള ആശയം ഉദിച്ചു. ആദരണീയനായ വക്കീൽ ശ്രീ. എൻ . കൃഷ്ണകമ്മത്ത് , ജഡ്ജി ശ്രീ നാരായണ റാവു , ശ്രീ ബാപ്പുറാവു , ശ്രീ എ രാമ പൈ എന്നിവരുടെ പരിശ്രമഫലമായി 1926 (എം.ഇ.4/10/1101)ൽ ശ്രീ വിഠോബാ ഹൈസ്കൂൾ സ്ഥാപിച്ചു. 4th ട്രാവൻകൂർ ജി എസ് ബി പരിഷത്തിന്റെ പ്രസിഡന്റും , എറണാകുളം മഹാരാജാസ് കോളേജിലെ രസതന്ത്രവിഭാഗം പ്രൊഫസറുമായ ശ്രീ ശ്രീനിവാസപൈ അവർകൾ സ്കൂളിന്റെ പ്രവർത്തനോത്ഘാടനം നിർവഹിച്ചു . അങ്ങനെ ഈ വിദ്യാഭ്യാസസ്ഥാപനം ഇന്നും ആദ്യകാല സ്കൂൾ എന്ന നിലയിൽ കായംകുളത്തിന്റെ ഹൃദയഭാഗത്തുതന്നെ തലയുയർത്തിപ്പിടിച്ചു നിൽക്കുന്നു.

ജാതി മത വർഗ്ഗചിന്തകൾ കൊടികുത്തി വാണിരുന്ന കാലം . ഒരു മനുഷ്യന്റെ മൗലികാവകാശങ്ങളിലുൾപ്പെട്ട "വിദ്യാഭ്യാസം ചെയ്യുവാനുള്ള അവകാശം" - പോലും ഹിന്ദുമത പിന്നോക്ക വിഭാഗങ്ങൾക്ക് നിഷേധിക്കപ്പെട്ടിരുന്ന ആ കാലഘട്ടത്തിലാണ് തൊട്ടുകൂടായ്മയും ദുരാചാരങ്ങളും സ്ഥാനം കൊടുക്കാതെ മനുഷ്യജാതി എന്ന പരിഗണന മാത്രം കൊടുത്തു സാർവത്രിക വിദ്യാഭ്യാസം എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് 1926 ൽ ഈ സ്കൂൾ നിലവിൽ വന്നത് . അന്നും ജാതി മത ചിന്തകൾക്കതീതമായി എല്ലാ കുട്ടികൾക്കും ഈ സ്കൂളിൽ പ്രവേശനം നൽകിയിരുന്നു. പിന്നെയും പതിമൂന്ന് വര്ഷങ്ങള്ക്ക ശേഷം അതായത് 1939 ൽ മാത്രമാണ് ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന്റെ ക്ഷേത്രപ്രവേശന വിളംബരം നടന്നത്. അങ്ങനെ കായംകുളത്തെ ആദ്യകാല സ്കൂൾ എന്ന നിലയിലും ഏകോദരസഹോദര ഭാവത്തോടെ പ്രവർത്തിച്ച കൊണ്ടിരുന്ന ഒരു സ്കൂളെന്ന നിലയിൽ എന്ന് ഇതിന്റെ പേര് ചരിത്ര രേഖകളിൽ ആലേഖനം ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ ഈ സ്കൂളിന്റെ ആവിർഭാവം പെൺകുട്ടികൾ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് വളരെ യധികം അനുഗ്രഹമായിത്തീർന്നു.

1952 ൽ ശ്രീ വിഠോബാ സ്കൂൾ ഒരു ഹൈ സ്കൂളായി ഉയർത്തപ്പെട്ടു . മാനേജ്മെന്റ് തന്നെ ജീവനക്കാർക്കു ശമ്പളം കൊടുത്തു സ്ഥാപനം നിലനിർത്തേണ്ട ആദ്യകാലഘട്ടത്തിൽ കുട്ടികളിൽ നിന്നും ഒരു നിശ്ചിത ഫീസ് വാങ്ങിയായിരുന്നു സ്കൂളിന്റെ ആദ്യകാല പ്രവർത്തനം. സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ശ്രീ വിഠോബാ ദേവസ്വത്തിൽ നിന്നും ഫീസ് ആനുകൂല്യവും സ്കോളർഷിപ്പും നൽകിയിരുന്നു . എന്നാൽ സ്കൂൾ വർഷത്തിൽ മാനേജ്മെന്റ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളായി സർക്കാർ അംഗീക്കരിച്ചതോടെ മാനേജ്മെന്റിന്റെ അധികബാധ്യതകൾ സ്കൂളിന്റെ പുരോഗമന കാര്യങ്ങൾക്കായി വിനിയോഗിച്ചു തുടങ്ങി.

2002 ൽ ഇംഗ്ലീഷ് മീഡിയം , അൺ എയ്ഡഡ് ഹയർ സെക്കൻഡറി വിഭാഗം എന്നിവ അനുവദിച്ചുകിട്ടി . തുടർന്ന് 2004 ൽ ഹയർ സെക്കണ്ടറിക്ക് വിവിധ ബാച്ചുകൾ കിട്ടി . 1990 ൽ സ്കൂളിൽ സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ ഒരു യൂണിറ്റ് അനുവദിച്ചു. ൽ സ്കൂളിൽ 2011 ൽ ജെ ർ സി യുടെ യൂണിറ്റും 2013 നവംബർ മാസത്തിൽ എസ് പി സി യുടെ ഒരു യൂണിറ്റും സ്കൂളിൽ നിലവിൽ വന്നു. ലിറ്റിൽ കൈറ്റിന്റെ യൂണിറ്റ് അനുവദിക്കുന്നത് 2018 ലാണ് .

# ലിറ്റിൽ കൈറ്റ്സ്

രാജ്യത്തിന് മാതൃകയായി   നമ്മുടെ സംസ്ഥാനത്തെ വിദ്യാലയങ്ങൾ  പൊതുവിദ്യാഭാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം  ഫലപ്രദമായി വർധിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികളെ സ്കൂളിൽ സജ്ജരാക്കുന്നതിനു ആരംഭിച്ച പദ്ധതിയാണ് " ലിറ്റിൽ കൈറ്റ്സ്".

അറിവ് ഒരാളിൽനിന്നും പകർന്നു കിട്ടുക എന്നതിൽ അപ്പുറം ഓരോരുത്തരും സ്വയം ആർജിക്കേണ്ടതാണ് എന്ന തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ തെല്ലൊന്നു മാറ്റിമറിച്ചു. അതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനം കൂടുതൽ ഫലം ചെയ്യും എന്ന രീതിയിൽ ശിശുകേന്ദ്രീകൃതമായ ഒരു വിദ്യാഭ്യാസ പദ്ധതി രൂപം കൊണ്ടുവന്നിട്ടുണ്ട്. സ്വയം പഠിക്കുകയും ഒപ്പം പഠിയ പഠിക്കുന്ന വസ്തുവിൽ അവബോധവും താല്പര്യവും അഭിരുചിയും സൃഷ്ടിക്കുകയും ചെയ്യുന്ന അവസരങ്ങൾ വിദ്യാലയ അന്തരീക്ഷത്തിൽ തന്നെ സാധ്യമാകുന്നത് ഇത്തരുണത്തിൽ അത്യാവശ്യമാണ് .

ഈ യൂണിറ്റിന്റെ ലക്ഷ്യങ്ങൾ :

* വിവരവിനിമയ സാങ്കേതിക രംഗത്തു കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താല്പര്യത്തെ പരിപോക്ഷിക്കുക സാങ്കേതിക വിദ്യയും സോഫ്റ്റ്‌വെയറും ഉപയോഗിക്കുമ്പോൾ പരിപാലിക്കേണ്ട മൂല്യവും സംസ്കാരവും അവരിൽ സൃഷ്ടിക്കുക.

* വിവര സാങ്കേതിക വിദ്യകൾ ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള സാഹചര്യത്തെ കുട്ടികൾക്കായി ഒരുക്കുക , അവ നിർമ്മിക്കപ്പെട്ടതിന്റെ അടിസ്ഥാന  ആശയങ്ങളും അവയുടെ പ്രവർത്തന പദ്ധതിയുടെ യുക്തിയും ഘടനയും പരിചയപ്പെടുത്തുക

* സുരക്ഷിതവും യുക്തവും മാന്യവുമായ ഇന്റർനെറ്റ് ഉപയോഗം , സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ചും വിദ്യാർത്ഥികൾകളെ ബോധവാന്മാരാകുകയും ഇതുമായി

ബന്ധപ്പെട്ട പ്രചാര പരിപാടികളിൽ നേതൃ പരമായ പങ്കാളിത്തം വഹിക്കാൻ പ്രാപ്തരാക്കുകയും ചെയുക

* ഭാഷകമ്പ്യൂട്ടിങ്ങിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും വിവിധ ഭാഷകമ്പ്യൂട്ടിങ്ങിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത നടത്താനുള്ള അവസരം അവർക്കു ലഭ്യമാക്കുകയും ചെയുക

* സംഘ പഠനത്തിന്റെയും സഹ വർത്തിത പഠനത്തിന്റെയും അനുഭവങ്ങൾ കുട്ടികൾക്ക് പ്രധാനം ചെയുക, പഠന പ്രക്രിയയിൽ ഉപയോഗിക്കാനുള്ള ഡിജിറ്റൽ ഉത്പന്നങ്ങൾ നിർമിക്കുക, കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനത്തിലൂടെ നേതൃപാടവും സഹകരണ മനോഭാവവും വളർത്തുക, പുതുതലമുറ സാങ്കേതിക ഉപകരണങ്ങൾ പരിചയപെടുത്തുവാനും അവയുപയോഗിച്ച് വിവിധ നിർമാണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനുള്ള അവസരം കുട്ടികൾക്ക് ലഭ്യമാക്കുക , വിവര വിനിമയ സാങ്കേതികവിദ്യയുടെ നവീനമേഖലകൾ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരമൊരുക്കുക.

*പഠന പ്രോജക്റ്റ് പ്രവർത്തനങ്ങൾക്ക് മേഖലകൾ കണ്ടെത്തി ഗവേഷണ പ്രവർത്തനങ്ങൾ ചെയ്യാനുള്ള താല്പര്യം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക .

********************

# ലിറ്റിൽ കൈറ്റ്സ് ശ്രീ വിഠോബാ വാർഷിക റിപ്പോർട്ട്

കായംകുളം ശ്രീ വിഠോബാ ഹൈസ്കൂളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ചത് 2018 ഫെബ്രുവരി മാസം ഇരുപത്തിയറാം തീയതിയാണ് . അതിനു ശേഷം കുട്ടികളുടെ അപേക്ഷ സ്വീകരിക്കുകയും മാർച്ച് മാസത്തിൽ ഒരു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ 24 കുട്ടികളെ തിരഞ്ഞെടുക്കുകയും ചെയ്തു . എന്നാൽ മാർച്ച് മാസം പരീക്ഷാകാലം ആയതിനാൽ യൂണിറ്റ് പ്രവർത്തനം നടന്നിരുന്നില്ല . ജൂലൈ മാസം കൈറ്റിന്റെ നിർദേശം അനുസരിച്ച ഒരു പരീക്ഷ കൂടി നടത്തി പത്തു കുട്ടികളേയും കൂടി തെരഞ്ഞെടുത്തു . എന്നാൽ ചില കുട്ടികൾ പലവിധ ബുദ്ധിമുട്ടുകൾ കാരണം കാണിച്ച പല സമയങ്ങളിലായി യൂണിറ്റിൽ നിന്നും വിടുതൽ വാങ്ങി , ഇപ്പോൾ യൂണിറ്റ് തലത്തിൽ 28 കുട്ടികളാണുള്ളത്

## ഓറിയെന്റേഷൻ ക്ലാസ്



ഏപ്രിൽ മാസം 3 , 4 തീയതികളിൽ കൈറ്റ് മാസ്റ്റേഴ്സിനുള്ള ഓറിയെന്റേഷൻ ക്ലാസ് നടന്നു. യൂണിറ്റ് അംഗങ്ങൾക്കായി ജൂൺ മാസം ഇരുപത്തിയേഴാം തീയതി മാസ്റ്റർ ട്രെയിനർ മാരായ അസ്സീസ് സർ , സത്താർ സർ എന്നിവരുടെ നേതൃത്വത്തിൽ പ്രാഥമിക ക്ലാസ് നടന്നു . ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനെ കുറിച്ചും അതിന്റെ പ്രവർത്തനത്തെ കുറിച്ചും അസിസ് സർ വിശദീകരിച്ചു. കമ്പ്യൂട്ടർ, പ്രൊജക്ടർ എന്നിവയുടെ പ്രവർത്തനം , പ്രോഗ്രാമിങ് എന്നി മേഖലകളെ കുറിച്ച് പ്രതിപാദിച്ച സത്താർ സാറിന്റെ ക്ലാസ് കുട്ടികൾക്കൊരു പുത്തൻ അനുഭവമായിരുന്നു.

## *അനിമേഷൻ ക്ലാസുകൾ*



*യൂണിറ്റ് അംഗങ്ങളുടെ ആദ്യക്ലാസ്സ് ജൂലൈ 4 നു നടന്നു . അനിമേഷൻ സിനിമ പ്രദർശിപ്പിച്ചാണ് ആദ്യ ക്ലാസ് നടന്നത്. അതിനു ശേഷമുള്ള ക്ലാസ്സുകളിൽ എന്ന Tupi tube desk സങ്കേതത്തിനെ*

കുറിച്ചും അതിൽ പ്രാവിണ്യം നേടാനുള്ള ക്ലാസുകൾ നടന്നു . ഈ പ്രവർത്തനങ്ങളിൽ നിന്നും ലഭിച്ച അനിമേഷൻ വീഡിയോകളുടെ യൂണിറ്റ് തല പ്രദർശനം നടന്നു .

## മലയാളം കമ്പ്യൂട്ടിങ് & ഇന്റർനെറ്റ്



സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റഷന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സഹായം ആവശ്യമുള്ളതിനാൽ അവർക്കു ഭാഷ കമ്പ്യൂട്ടിങ് എന്ന സങ്കേതം പരിചയപ്പെടുത്തി. ഇതിൽ അംഗങ്ങൾക്കു മലയാളം കീ ബോർഡ് പരിചയപ്പെടുത്തി. ഈ കീ ബോർഡിൽ പ്രാവിണ്യം നേടിയശേഷം അംഗങ്ങൾ കഥകളും കവിതയും ടൈപ്പ് ചെയ്തു. ഇന്റർനെറ്റ് എന്നതിന്റെ ഉപയോഗവും അതിന്റെ ദോഷവശങ്ങളും ചർച്ച ചെയ്തു .

## സ്ക്രാച്



കുട്ടികൾക്ക് പ്രോഗ്രാമിലുള്ള അഭിരുചി കണ്ടെത്തുന്നതിനും അത് പരിപോഷിപ്പിക്കുന്നതിനുമായി Scratch എന്ന പ്രോഗ്രാമിങ് ലാംഗേജ് പരിചയപ്പെടുത്തി . കുട്ടികൾ ഈ പ്രോഗ്രാം ഉപയോഗിച്ച് പല കളികളും നിർമ്മിച്ചു.

## മൊബൈൽ ആപ്പ്



കുട്ടികൾക്ക് സ്മാർട്ട് ഫോണിൽ ഉപയോഗിക്കുന്ന പലതരം അപ്ലിക്കേഷനുകളും അവ നിർമിക്കുന്നതെങ്ങനെ എന്നുമുള്ള വിഷയങ്ങളെ കുറിച്ചുള്ള പരിശീലനം നൽകി . ചില അപ്ലിക്കേഷനുകൾ യൂണിറ്റ് അംഗങ്ങൾ നിർമ്മിക്കുകയും അവ ഫോണിൽ പ്രവർത്തിപ്പിച്ചു നോക്കുകയും ചെയ്തു .

ഇനി അംഗങ്ങൾക്കായി പൈത്തൺ പ്രോഗ്രാമിങ് , ഇലട്രോണിക്സ് , റോബോട്ടിക്സ്, ഹാർഡ്‌വെയർ എന്നി മേഖലകളിലുള്ള പരിശീലനമാണ് ലഭിക്കാനുള്ളത് .

# ക്യാമ്പുകൾ

## സ്കൂൾ തല ക്യാമ്പ് ( ആഗസ്റ്റ് 15 )



ആഗസ്റ്റ് 15 നാണ് സ്കൂൾതല ക്യാമ്പ് നടന്നത്. മുൻ ആഴ്ചകളിലെ അനിമേഷൻ വീഡിയോ ഉപയോഗിച്ച് Open Shot Video Editor എന്ന സങ്കേതം പരിചയപ്പെടുത്തി. കൂടാതെ ശബ്ദം റെക്കോർഡ് ചെയ്യാനും ശബ്ദവും , വീഡിയോയും യോജിപ്പിക്കാനുമുള്ള പരിശീലനവും നൽകി.

**ഉപജില്ലാ ക്യാമ്പുകൾ** (സെപ്റ്റംബർ 29, 30, ഒക്ടോബർ 6, 7 )



ലിറ്റിൽ കൈറ്റിസിന്റെ അഭിമുഖ്യയത്തിൽ രണ്ട് ഉപജില്ലാ ക്യാമ്പുകൾ നമ്മുടെ സ്കൂളിൽ നടന്നു. ഇതിൽ നമ്മുടെ യൂണിറ്റിലെ എട്ടു കുട്ടികൾക്ക് പങ്കെടുക്കാൻ അവസരം ലഭിച്ചു . അവർക്കു അനിമേഷൻ , വീഡിയോ എഡിറ്റിംഗ് , ഹാൻഡ് ബ്രേക്ക് എന്നീ സങ്കേതങ്ങളിൽ പരിശീലനം നൽകി . നമ്മുടെ യൂണിറ്റിലെ താത്പര്യമുള്ള കുട്ടികൾക്ക് ഈ ക്യാമ്പിൽ ഡ്യൂട്ടി നൽകുകയും ക്യാമ്പിൽ പഠിപ്പിക്കുന്നത് പഠിക്കാനും അവസരം നൽകി .

## ക്യാമറ ട്രെയിനിങ് ( ഡിസംബർ 27,28,29,30)



ഉപജില്ലയിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കു രണ്ടുദിവസത്തെ ക്യാമറ ട്രെയിനിങ് നടന്നു . ഇതിൽ നമ്മുടെ യൂണിറ്റിലെ മൂന്നുപേർക്ക് അവസരം ലഭിച്ചു , എന്നാൽ താല്പര്യമുള്ള കുട്ടികൾക്ക് ക്യാമ്പ് ഡ്യൂട്ടി നൽകി പഠിക്കാനുള്ള അവസരം നൽകി.

## ലിറ്റിൽ കൈറ്റ്സ് പി ടി എ



ഏതൊരു യൂണിറ്റിന്റെയും പ്രവർത്തനത്തിനും അതിന്റെ വളർച്ചക്കും അതിന്റെ പി ടി എ യുടെ സഹകരണം അത്യന്താപേക്ഷിതമാണ് . ലിറ്റിൽ കൈറ്റ്സ് ശ്രീ വിഠോബായുടെ പി ടി എ രണ്ടു പ്രാവശ്യം യോഗം കൂടി കുട്ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി . യൂണിറ്റിന്റെ പോരായ്മക്കാളും അത് മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങളും ചർച്ച ചെയ്തു .

# കൈത്താങ്ങ്

വളരെ സാധാരണക്കാരായ കുടുംബങ്ങളിൽ നിന്നും എത്തുന്ന കുട്ടികളാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ. സ്കൂളിലെ പരിതാപകരമായ ലാബ് സൗകര്യം മൂലം പല കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം കുറവാണ് . ഈ പ്രശ്നം പരിഹരിക്കാൻ വെള്ളിയാഴ്ച ഉച്ചക്ക് അധിക സമയം കണ്ടെത്താൻ തീരുമാനിച്ചു. അതിനായി ആദ്യം തെരഞ്ഞെടുത്തത് Open office Writer എന്ന സങ്കേതമാണ്. കുട്ടികൾക്ക് കീ ബോർഡ് ലേഔട്ട് മനസിലാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. അതിനു ശേഷം



അവതരണത്തിന് ഉപയോഗിക്കുന്ന Open office impress എന്ന സങ്കേതം പരിചയപ്പെടുത്തി. ഇതിൽ എന്നി മേഖലകളിൽ പരിശീലനം നേടി.

ഈ പ്രവർത്തനങ്ങളുടെ പ്രായോഗിക തലത്തിനായി കുട്ടികളെ പത്തു ഗ്രൂപ്പ് ആക്കി. സോളാർ സിസ്റ്റം എന്ന ഒരു മേഖല നൽകി. ഗ്രൂപ്പുകൾ അവരവരുടെ നമ്പർ അനുസരിച്ചുള്ള ഗ്രഹങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു. പത്താം ഗ്രൂപ്പ് സൂര്യനെയും ചന്ദ്രനെയും പഠന വിഷയമാക്കി. അതിനു ശേഷം അതിനുള്ള സ്ലൈഡുകൾ നിർമിച്ചു. ഇവയെല്ലാം ചേർത്ത് ഒരു പ്രസന്റേഷൻ നിർമിച്ചു

ഇത് യൂണിറ്റ് അംഗങ്ങൾ ചേർന്ന് അവതരിപ്പിച്ചു. എൽ പി ക്ലാസ്സുകളിലെ രണ്ടാം ടേമിലെ പാഠഭാഗവുമായി ഇതിനുള്ള ബന്ധം മനസിലാക്കി . അതിനാൽ ഇതു അവർക്കായി അവതരിപ്പിക്കാൻ തീരുമാനിച്ചു. അതിനുവേണ്ടി അടുത്തുള്ള എൽ പി സ്കൂളിൽ അന്വേഷിക്കാൻ തീരുമാനിച്ചു. കൂടാതെ ഒക്ടോബർ നാല് മുതൽ പത്തു വരെ സ്പേസ് വാരാഘോഷം ആണെന്നും അതുമായി ബന്ധപെട്ട ഈ പ്രെസെന്റേഷൻ അവതരിപ്പിക്കാമെന്നും തീരുമാനിച്ചു

## मूल्य मंत्र

*. महात्मा गाँधी - अहिंसा
*. मदर टेरेसा - सेवा
*.श्री राम - आज्ञा पालन
*.महात्मा बुध - त्याग
*. विवेकनाथ - कर्म
*.चंद्रशेखर - वीरता
*.येशु - मानवता
*.एडिसन - खोज
*.गणित - फार्मूला
*.इतिहास - घटना
*.विधार्थी - इच्छा
*.भाषा - वर्ण



AMMU KUTTY

# സ്പേസ് വീക്ക്

*"കൈത്താങ്ങ് " പ്രവർത്തനം മൂലം ലഭിച്ച സ്ലൈഡ് പ്രസന്റേഷൻ എൽ പി സ്കൂളിൽ അവതരിപ്പിക്കാനുള്ള അവസരത്തിനായി അടുത്തുള്ള സ്കൂൾ സന്ദർശനം നടത്തി. പല സ്കൂളുകൾക്കും ഇങ്ങനെ ഒരു യൂണിറ്റിനെ കുറിച്ച് അറിവില്ലായിരുന്നു . അതിനാൽ ചില സ്കൂളുകളിൽ രക്ഷകർത്താ യോഗങ്ങളിൽ ക്ലബ്ബിന്റെ പ്രവർത്തനത്തെ കുറിച്ച് ഒരു ലഘു വിവരണം നടത്തി. കുട്ടികളുടെ പ്രവർത്തനത്തിന് ആവശ്യമായ സഹായങ്ങൾ നടത്താമെന്ന പി ടി എ അറിയിച്ചു. അങ്ങനെ അവസരം അനുവദിച്ച സ്കൂളുകൾ അവതരണത്തിന് പ്രതേക തീയതിയും സമയവും അനുവദിച്ചു. കുട്ടികൾക്ക് പാഠ്യ സമയങ്ങളിൽ ബുദ്ധിമുട്ടില്ലാതെയുള്ള സമയമാണ് അനുവദിച്ചത്.*






*ആദ്യം സമയം അനുവദിച്ചത് എരുവ മന്നം മെമ്മോറിയൽ എൽ പി സ്കൂളാണ്. ഒക്കോബെർ മാസം നാലാം തീയതി ഉച്ചക്ക് ഒന്ന് പതിനഞ്ചിനാണ് സമയം അനുവദിച്ചത്. ഇതിനായി കുട്ടികളുടെ ഒരു ഗ്രൂപ്പിനെ തയാറാക്കി. കൈറ്റ് ഗ്രൂപ്പ് ലീഡറായ മീനാക്ഷി, ആയിഷ മോൾ , സാന്ദ്ര, നേഹല മോൾ , പ്രിയങ്ക, റാണിയ എന്നിവരായിരുന്നു ഗ്രൂപ്പിൽ.*



*അവതരണത്തിന് ശേഷം സ്കൂൾ ഹെഡ് മിസ്ട്രസ് ശ്രീ ഷീല ടീച്ചർ കുട്ടികൾക്ക് ട്രോഫി നൽകി അനുമോദിച്ചു.*

*അടുത്തതായി സമയം അനുവദിച്ചത്*

*വിദ്യാനികേതൻ എൽ പി എസ് അന്ന്. ഒക്ടോബർ അഞ്ചാം തീയതി രാവിലെ പതിനൊന്നു മണിക്ക് സ്കൂളിലെ നാലാം ക്ലാസ്സിലെ കുട്ടികൾക്കായി അവതരണം നടത്തി. അവതരണ ഗ്രൂപ്പിനെ ലീഡർ മീനാക്ഷി നേതൃത്വം നൽകി .*




*ഗ്രൂപ്പിൽ അകുൽ ആർ കമ്മത്ത്, ശ്രീനിവാസ്, മുക്താർ എന്നിവർ അവതരണം നടത്തി . കുട്ടികളിലൂടെ പ്രേസെന്റഷന് ശേഷം പ്രിൻസിപ്പൽ രമ ടീച്ചർ , പി ടി എ പ്രസിഡന്റ് പ്രദീപ് കുമാർ എന്നിവർ കുട്ടികളെ അഭിനന്ദിച്ചു.*




*അന്നു തന്നെ ഉച്ചക്ക് പന്ത്രണ്ടു മണിക്ക് അടുത്ത അവതരണത്തിനായി ഗവൺമെന്റ് എരുവ എൽ പി എസിൽ കുട്ടികൾ എത്തി. പ്രൊജക്ടർ ഉപയോഗിച്ചുള്ള കുട്ടികളുടെ അവതരണം കുഞ്ഞു കുട്ടികളുടെ ശ്രദ്ധ പിടിച്ചു പറ്റി. സ്കൂൾ എച് എം ശ്രീലത ടീച്ചർ കുട്ടികൾക്ക് ട്രോഫി നൽകി അനുമോദിച്ചു.*

## മഹത് വചനങ്ങൾ



PRAGADEESH

ഏതു കാര്യമായാലും വിജയത്തിലേക്കുള്ള വഴി ആ കാര്യത്തിലുള്ള താൽപര്യത്തിൽ അടങ്ങിയിരിക്കുന്നു - സർ വില്യം ഓസ്‌ലർ

ജോലി എപ്പോഴും ആഹ്ലാദത്തിന്റെ പിതാവാകുന്നു - വോൾട്ടർ

യഥാർത്ഥ സ്നേഹം ഒരിക്കലും കുറ്റാരോപണം നടത്തുന്നതില്ല . വിശ്വാസം അർപ്പിക്കുന്നതായിരിക്കും . അതിനു ഒരിക്കലും പരിധി നിർണയിക്കാനുള്ളതല്ല - കബീർ

# അതിർവരമ്പില്ലാത്ത ആകാശം

കായംകുളം ശ്രീ വിഠോബാ സ്കൂളിൽ ഒക്ടോബർ 6 ആം തീയതി ഉപജില്ലാ ക്യാമ്പിന്റെ രണ്ടാം ദിവസം കൈറ്റ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ബഹിരാകാശ പോസ്റ്റർ പ്രദർശനം സംഘടിപ്പിച്ചു .





*വിവിധ ഗ്രഹങ്ങളെ കുറിച്ചും , ഉപഗ്രഹങ്ങളെ കുറിച്ചും , അവയുടെ ദൂരത്തെ കുറിച്ചും ഉള്ള അറിവുകൾ കുട്ടികൾക്ക് ഉപകാരപെട്ടു. ക്യാമ്പിലെ ഇത്തരം പുതുമയായ പ്രവർത്തനത്തെ ആർ പി മാരായെത്തിയ വിധു സർ , മാസ്റ്റർ ട്രെയിനറായ ജോർജ്കുട്ടി സർ എന്നിവർ പ്രശംസിച്ചു .*

## കടം പാട്ടുകൾ



IRFANA M

1 നാല് ചങ്ങതിമാർ

നാല് ചങ്ങതിമാർ ഒത്തുകൂടി
നാലാൾക്കും നാല് വർണ്ണമല്ലോ
ഒരുമിച്ചവരൊരു വീട്ടിലേക്ക്
ഒരു ദിന മങ്ങു വിരുന്നു പോയി
വിരുന്നു കഴിഞ്ഞു പോരുന്ന നേരം
ഒരുമിച്ചവർക്കെല്ലാം ഒറ്റ വർണ്ണം

2 നൂറും മൂന്നും നാല്

നൂറും മൂന്നും നാല്
നാലാണുത്തരമെന്നത്
നാലും കൂടിയ കവലയിൽ നിന്നൊരു
നാട്ടാശാൻ തർക്കിക്കുന്നു
വാദം ശരിയാണെന്നുണ്ടെങ്കിൽ
ഉത്തരമെന്താണോതീടാമോ ?

# വർക്ക് ഡയറി പ്രകാശനം




ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ കുട്ടികൾ അധ്യയന വര്ഷം ആരംഭം മുതൽ മൊഡ്യൂൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്താറുണ്ട് അങ്ങനെ ചെയ്യുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. സാധാരണയായി കുട്ടികൾ അത് നോട്ട് ബുക്കിലാണ് രേഖപ്പെടുത്താറുള്ളത്. പലപ്പോഴും അതിനു ഒരു അടുക്കും ചിട്ടയും ഉണ്ടാകാറില്ല. അതിനു പരിഹാരം എന്ന വണ്ണം ഒരു വർക്ക് ഡയറി തയാറാക്കാൻ തീരുമാനിച്ചു, അതിനായി ഓപ്പൺ ഓഫീസ് റൈറ്ററിൽ മുഴുവൻ പേജും ടൈപ്പ് ചെയ്ത് പ്രിന്റ് എടുത്തു. അതിനു ഒരു പുറം ചട്ടയും തയാറാക്കി ഒരു ബുക്ക് രൂപത്തിലാക്കി.

*ഒക്ടോബര് മാസം ഇരുപതാം തീയതി ശനിയാഴ്ച ഈ ഡയറി ഒരു പ്രകാശന ചടങ്ങ് സംഘടിപ്പിച്ചു. സ്കൂൾ HM - R മായ ടീച്ചർ അധ്യക്ഷ ആയ ചടങ്ങിൽ കൈറ്റ് സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസർ മുഹമ്മദ് അസ്‌ലം സർ പ്രകാശനം നിർവഹിച്ചു. പ്രസിഡണ്ട് സന്തോഷ് കുമാർ , സ്റ്റാഫ് സെക്രട്ടറി സുധന്യ എന്നിവർ ആശംസകൾ നേർന്നു*



## കലാം വാക്യങ്ങൾ


HARI KRISHNAN H

*. എല്ലാ പക്ഷികളും മഴ വരുമ്പോൾ കൂട്ടിൽ രക്ഷ തേടുന്നു. എന്നാൽ പരുന്ത് മഴയെ ഒഴിവാക്കാൻ മേഘങ്ങൾക്ക് മുകളിലൂടെ പറക്കുന്നു .

*. ആദ്യത്തെ വിജയത്തിന് ശേഷം വിശ്രമിക്കരുത് കാരണം രണ്ടാമത്തേതിൽ നിങ്ങൾ പരാജയപ്പെട്ടാൽ ആദ്യ ജയം ഭാഗ്യം കൊണ്ടാണെന്നു പറയാൻ ഒട്ടേറെ ചുണ്ടുകളുണ്ടാവും

*. നിങ്ങളുടെ ജീവിതത്തിൽ ഉയർച്ചയോ താഴ്ചയോ ഉണ്ടാവട്ടെ പക്ഷെ ചിന്തയാവണം കൈമുതൽ

*. വേഗത്തിൽ കിട്ടുന്ന സന്തോഷത്തിനു വേണ്ടി ശ്രമിക്കാതെ ജീവിതത്തിൽ കാര്യമായ നേട്ടങ്ങൾ ഉണ്ടാകാൻ ശ്രമിക്കുക

*. നിങ്ങളുടെ പങ്കില്ലാതെ നിങ്ങൾക്ക് ജയിക്കാനാകില്ല നിങ്ങളുടെ പങ്കോടു കൂടി നിങ്ങൾക്കു തോല്ക്കാനുമാവില്ല .

# നിരായുധന്റെ സമര കല : കരാട്ടെ

കലകൾ മെനഞ്ഞെടുത്തു . ഇത്തരം കലകളെ ആയോധനകലകൾ എന്നറിയപ്പെടുന്നു . ലോകത്ത് ഏറ്റവും പ്രചാരമുള്ള ആയോധന കലയാണ് കരാട്ടെ . കരാട്ടെ എന്ന ജാപ്പനീസ് വാക്കിനർത്ഥം " ശൂന്യമായ ഹസ്തം " എന്നാണ്. ആയുധം ഉപയോഗിക്കാതെ എതിരാളികളെ ജയിക്കാൻ നമ്മളെ പ്രാപ്തരാക്കുന്ന രക്ഷയുടെ കലയാണ് കരാട്ടെ . മനഃശക്തിയാണ് ഇതിന്റെ അടിസ്ഥാനം .

മനുഷ്യന്റെ അന്തർലീനമായ ശക്തികളെ ഉണർത്തുക എന്നതാണ് ഈ കല ചെയ്യുന്നത് . കരാട്ടെയുടെ ആത്യന്തികമായ ലക്ഷ്യം ജീവിതത്തിന്റെ ഏതു സാഹചര്യത്തെയും നേരിടാനുള്ള ശാരീരികവും മാനസികവും ആത്മീയവുമായുള്ള കരുത്താർജിക്കാൻ നമ്മെ സഹായിക്കുക എന്നതാണ്.

മെഡിറ്റേഷൻ, ബ്രീത്തിങ് എന്നിവ കരാട്ടെയിൽ വളരെ പ്രാധാന്യമുണ്ട് . മാനസികവും ആത്മീയവുമായ ഉൾക്കരുത്തുണ്ടാകാൻ മെഡിറ്റേഷൻ വളരെ സഹായകമാണ് . ഏകാഗ്രതയും ശാന്തതയും കൈവരിക്കാൻ മെഡിറ്റേഷൻ സഹായിക്കുന്നു . ശരിയായ ബ്രീത്തിങ് എക്സ്സെർസൈസുകൾ നമ്മുടെ സ്റ്റാമിന വർധിപ്പിക്കുകയും അന്തരാവയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുന്നു



SREENIVASA PAI

ഓരോ വികാരത്തിനും ഓരോ ശ്വസന രീതികളാണ് നമുക്കുള്ളതെന്നു ശ്രദ്ധിച്ചാൽ മനസിലാകും. ദേഷ്യം വരുമ്പോഴും സന്തോഷിക്കുമ്പോഴും വിഷമിക്കുമ്പോഴും ശ്വസനരീതിയിൽ വ്യത്യാസം വരുന്നു. നമ്മുടെ മനസിനെ നിയന്ത്രിക്കാൻ ഇത്തരം ശ്വസനരീതികളെ നിയന്ത്രിക്കുക എന്നതാണ് മാർഗം . ഇത്തരം വികാരങ്ങളെ ഒഴിവാക്കാൻ സാധ്യമല്ല. അതിനാൽ അവയെ ശ്വസനപ്രക്രിയയിലൂടെ നിയന്ത്രിക്കുക . സാധാരണ ബ്രീതിങ്ങിൽ ശ്വാസകോശത്തിന്റെ 30% വരെ മാത്രമേ നാം ഉപയോഗിക്കുന്നൊള്ളൂ. ഇത് ആസ്മ പോലെയുള്ള ശ്വസന ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. പവർ ബ്രീത്തിങ് ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരമാണ് . രക്തത്തിലെ ഓക്സിജന്റെ അളവ് വർധിക്കാനും അതുവഴി ക്ഷീണം അകറ്റാനും ഇത് സഹായിക്കുന്നു തീഷ്ണ നയനങ്ങളും ഏകാഗ്രമായ മനസും ഒരു പോരാളിയെ അജയനാക്കുന്നു. അനാവശ്യമായ ചിന്തകൾ ഒഴിവാക്കി നമ്മൾ പ്രവർത്തിക്കുന്ന മേഖലകളിൽ കൂടുതൽ ഏകാഗ്രത പുലർത്താനുള്ള ഊർജ്ജം മനസിനും ശരീരത്തിനും ലഭിക്കാൻ ഇത് സഹായിക്കുന്നു .

# അറിവിന്റെ അളവ്

ഒരിക്കൽ ഒരിടത്തു ഒരു ഗുരുവിനു മൂന്ന് ശിഷ്യന്മാരുണ്ടായിരുന്നു. ഗുരുവിൽനിന്നും വിദ്യയെല്ലാം അഭ്യസിച്ചു. മൂവരും അവരുടെ ഗ്രഹങ്ങളിലേക്കു മടങ്ങുന്ന നേരം ഗുരു അവരോടായി ചോദിച്ചു .

" നിങ്ങൾക്ക് എത്രമാത്രം അറിവ് എന്നിൽനിന്നും ലഭിച്ചു എന്നറിയാൻ എനിക്കാഗ്രഹമുണ്ട് "

ഒരു ശിഷ്യൻ പറഞ്ഞു " കടൽത്തീരത്തു എത്ര മണൽ തരിയുണ്ടോ അത്രയും അറിവ് പകർന്നുതന്നിട്ടുണ്ട്"

രണ്ടാമത്തെ ശിഷ്യൻ പറഞ്ഞു " ആകാശത്തു എത്ര നക്ഷത്രമുണ്ടോ അത്രയും അറിവ് എനിക്ക് പകർന്നു തന്നിട്ടുണ്ട് "



എന്നാൽ മൂന്നാമത്തെ ശിഷ്യനാകട്ടെ ഒരക്ഷരം ഉരിയാടിയില്ല . അതുകൊണ്ടുതന്നെ ഗുരു അവനോടു ചോദിച്ചു .

" നിനെക്കെന്താ ഒന്നും പറയാനില്ലേ ,
ഒരുപക്ഷെ എന്നിൽ നിന്നും ഒരറിവും നിനക്ക് ലഭിച്ചില്ലേ?"

ഗുരുവിന്റെ ചോദ്യം കേട്ടയുടൻ ശിഷ്യൻ ഭയഭക്തി ബഹുമാനത്തോടെ എപ്രകാരം പറഞ്ഞു .

" ഗുരു , വേലിയേറ്റം ഉണ്ടായാൽ മണൽത്തരികൾ മുങ്ങിപ്പോകും , കാർമേഘങ്ങൾ നക്ഷത്രത്തെ മറക്കും . എന്നാൽ അങ്ങെനിക് പകർന്നുതന്ന അറിവ് ആരാലും നശിക്ക പെടാത്തതാണ് . ഈ അറിവിനോട് താരതമ്യം ചെയ്യാൻ പ്രപഞ്ചത്തിലെ മറ്റൊന്നും ഇല്ലാത്തതിനാലാണ് ഞാൻ മൗനം പാലിച്ചത് "

" നീയാണെന്റെ ഉത്തമ ശിഷ്യൻ . നിനക്കെന്നും നന്മകൾ ഉണ്ടാക്കട്ടെ " ഗുരു സന്തോഷപൂർവം ശിഷ്യനെ അനുഗ്രഹിച്ചു .



PRIYANKA B R

## അറിയേണ്ടത്



ARATHI

ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വാക്ക് - The

ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഇംഗ്ലീഷ് അക്ഷരം - E

ഏറ്റവും കൂടുതൽ നിർവചനമുള്ള ഇംഗ്ലീഷ് വാക്ക് - Set

ഇംഗ്ലീഷിലെ പ്രകൃതി കവി - വേർഡ്സ് വർത്ത

മലയാളത്തിലെ പ്രകൃതിയുടെ കവി - ഇടശ്ശേരി

ഓർമ്മ പൂർണമായും നശിക്കുന്ന അവസ്ഥ - Amnesia

സംസാരിക്കാനോ വായിക്കാനോ എഴുതാനോ കഴിയാത്ത അവസ്ഥ - Aphasia

# കംപ്യൂട്ടറിന്റെ ഉള്ളറകളിലൂടെ




ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്പേസ് വീക്കമായി ബന്ധപെട്ട അടുത്തുള്ള സ്കൂളുകളിൽ ആകാശത്തെ കുറിച്ചും ഗ്രഹങ്ങളെക്കുറിച്ചും അവതരണങ്ങൾ നടത്തിയിരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ അവതരണത്തിലുള്ള വാസനകൾ കണ്ടെത്തിയിരുന്നു. ഇവ പരിപോഷിപ്പിക്കുന്നതിനായി മറ്റു ചില പ്രോഗ്രാമുകൾ കൂടി ചെയ്യാൻ തീരുമാനിച്ചു.

ലിറ്റിൽ കൈറ്റിന്റെ സ്കൂൾതല പ്രവർത്തന ഭാഗമായി ഹൈ ടെക് ക്ലാസ്സിലെ ഉപകരണങ്ങൾ ഉപയോഗിക്കാറുണ്ട് എന്നാൽ ഇതിനുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ചില സമയത്തു അവർ ബുദ്ധി മുട്ടാറുണ്ട് . ഇതിനു പരിഹാരം എന്ന വണ്ണം ഇവർക്കായി ഒരു ഹാർഡ്‌വെയർ ട്രെയിനിങ് ക്ലാസ് സംഘടിപ്പിച്ചു. ഇതിനായി സ്കൂളിലെ പൂർവവിദ്യാർഥിയായ സുജിത് ബോസ് എന്ന വിദ്യാർത്ഥിയുടെ സഹായം തേടി. ഈ വിദ്യാർത്ഥി സ്കൂൾ പഠന കാലത്തു ഐ ടി @സ്കൂളിന്റെ ഹാർഡ് വെയർ ട്രെയിനിങ് പരിശീലനം ലഭിച്ച കുട്ടിയാണ്. ഇപ്പോൾ ഒരു ഹാർഡ് വെയർ ടെക്നിഷ്യൻ ആയി പ്രവർത്തിക്കുന്നു.

സുജിത് സ്കൂളിൽ എത്തി 4 ദിവസം കുട്ടികൾക്കായി സി പി യു വിന്റെ പ്രവർത്തനങ്ങളും അതിലെ ഉപകരണങ്ങളും , പ്രവർത്തനങ്ങളും കുട്ടികൾക്ക് വ്യക്തമാക്കി കൊടുത്തു. കുട്ടികൾ ഈ അറിവുകൾ വളരെ താല്പര്യത്തോടെ കേൾക്കുകയും അവയുടെ പേരുകൾ കുറിച്ചെടുക്കുകയും ചെയ്തു. ഈ അറിവുകൾ മറ്റുള്ളർക്കായി നൽകുന്നതിന് ഒരു പ്രദർശനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു . ഇതിനായി ഉപജില്ലാ കലോത്സവ വേദി തെരെഞ്ഞെടുത്താൽ ഉപജില്ലയിലെ മുഴുവൻ കുട്ടികൾക്കും പ്രയോജനം ലഭിക്കും എന്ന് മനസിലാക്കി അതിനായി എച് എം , എഇഒ ഡിഇഒ എന്നിവരുടെ അനുവാദം നേടി.



എന്നാൽ കഴിയുന്നത്ര കുട്ടികളെ ഉൾപെടുത്താനായി മറ്റു ചില വിഭാഗം കൂടി ഉൾപ്പെടുത്തി .
ഒരു വിഭാഗത്തിന് ഒന്ന് മുതൽ പത്ത് വരെയുള്ള ഐ ടി യുടെ പാഠപുസ്തകങ്ങൾ (കേരള, സി ബി സ് സി ) എന്നിവയുടെ ഗുണവും ദോഷങ്ങളും എന്ന വിഭാഗം നൽകി. ഇതിനായി അടുത്ത സ്കൂളുകളിൽ സന്ദർശിച്ചു അവിടെ നിന്നും കിട്ടാവുന്ന ബുക്കുകൾ ശേഖരിച്ചു. ബുക്കുകൾ വായിച്ചു അവതരിപ്പിക്കാവുന്ന പോയിന്റുകൾ അധ്യാപകരുമായി ചേർന്ന് തീരുമാനിച്ചു.

ഒരു ഗ്രൂപ്പിന് സി പി യു വിന്റെ ഹാർഡ്‌വെയർ നെ കുറിച്ച് അവതരിപ്പിക്കാൻ അവസരം നൽകി. അതിനായി സ്കൂളിലെ ഐ ടി ലാബിലെ 2 സി പി യു കൾ കണ്ടെത്തി . അവയിൽ ഒരെണ്ണം കുട്ടികൾ അഴിച്ച സന്ദർശകരെ കാണിക്കുകയും അതിന്റെ ഓരോ പാർട്ടിന്റെയും പ്രവർത്തനം വിശദീകരിച്ചു.





മറ്റൊരു ഗ്രൂപ്പിന് പുതിയതും പഴയതുമായ കംപ്യൂട്ടർ പാർട്സ് നൽകി. മോണിറ്റർ ( CRT , LCD , LED ) Storage ( ഫ്ലോപ്പി ഡിസ്ക്, സി ഡി , ഡി വി ഡി , മെമ്മറി കാർഡ്, കാർഡ് റീഡർ, USB , External ഹാർഡ് ഡിസ്ക് ) എന്നിവ തമ്മിലുള്ള വ്യത്യാസവും അവയുടെ കണ്ടുപിടിത്തങ്ങളുടെ പിന്നിൽ പ്രവർത്തിച്ചവരെയും പരിചയപ്പെടുത്തി.





पेड़

दूसरों को सब कुछ देकर
सच्चा आदर्श दिखता हे पेड़
हे मानव पेड़ों के जीवन से सीखो
वे दूसरों के लिए फूलते - पकते हैं |
उनके फल दूसरों को देकर वे
निस्वार्थ सेवा करते हैं |
अच्छी छाया देकर सब को प्यार करते हैं |





RANIYA

ഒരു ഗ്രൂപ്പിന് പ്രൊജക്ടർ എന്ന വിഷയം നൽകി. ഇതിനായി ഹൈ ടെക് ക്ലാസ്സുകളിൽ ഉപയോഗിക്കുന്ന പ്രൊജക്ടർ , ഓവർ ഹെഡ് പ്രൊജക്ടർ എന്നിവയുടെ പ്രവർത്തനവും അവയുടെ വ്യത്യാസവും കുട്ടികൾ അവതരിപ്പിച്ചു.

അടുത്ത ഗ്രൂപ്പ് എടുത്ത വിഷയം നെറ്റ്‌വർക്ക് ആണ്. ഇതിനായി അനവധി നെറ്റ്‌വർക്ക് ഉപകരണങ്ങളും അവയുടെ വയറുകളും പ്രദർശിപ്പിച്ചു. മോഡം, സ്വിച്ച്, USB മോഡം, നെറ്റ്‌വർക്ക് കേബിൾ, Net setter എന്നിവയുടെ പ്രദർശനവും അവയുടെ ഉപയോഗവും അവതരിപ്പിച്ചു.

30/10, 31/10/2018 എന്നീ തിയതികളിലായി നടന്ന കലോത്സവത്തിൽ യൂണിറ്റിലെ കുട്ടികളെ രണ്ടായി തിരിച്ചു രണ്ടു ദിവസത്തെ ഡ്യൂട്ടി നൽകി. കലോത്സവത്തിന്റെ മൂന്നാം വേദിയുടെ അടുത്തായി സംഘടിപ്പിച്ച പ്രദർശന സ്റ്റാൾ കാണാൻ നിരവധി കുട്ടികളും, അധ്യാപകരും, പൊതുജനങ്ങളും എത്തി. എത്തിയവർ കുട്ടികളുടെ അവതരണത്തെയും അതിനു പിന്നിലെ അധ്വാനത്തെയും അഭിനന്ദിച്ചു.

*കലോത്സവ കമ്മിറ്റി അംഗങ്ങൾ സ്റ്റാളിൽ സന്ദർശനം നടത്തി കുട്ടികളുടെയും ലിറ്റിൽ കൈറ്റിന്റെയും പ്രവർത്തനത്തിന് നന്ദി അറിയിച്ചു. ജില്ലാകലോത്സവത്തിന്റെ കമ്മിറ്റി അംഗങ്ങൾ സ്റ്റാൾ സന്ദർശിച്ചു മാവേലിക്കരയിലും ഇത്തരം ഒരു പ്രദർശനം നടത്തണം എന്ന് ആവശ്യപ്പെട്ടു .*

## ഓണം പഴചൊല്ലുകൾ



- അത്തം കറുത്താൽ ഓണം വെളുക്കും
- ഓണം കഴിഞ്ഞാൽ ഓലപ്പുര ഊട്ടുപുര
- കാണം വിറ്റും ഓണം ഉണ്ണണം
- ഉണ്ടെങ്കിൽ ഓണം ഇല്ലെങ്കിൽ പട്ടിണി
- തിരുവോണത്തിന് ഇല്ലാത്തത് തീക്കട്ടക്കെന്തിന്?
- തിരുവോണം തിരുകൃതി
- അത്തം ചിത്തിര ചോതി അന്തിക്കൊരു വറ്റ്
- ഓണത്തെക്കാൾ വലിയ മകമുണ്ടോ
- ഓണ മുണ്ട വയർ ചൂളം പാടും
- ഓണവും വിഷുവും വരാതെ പോകട്ടെ
- ഓണ ട്ടൻ വിതച്ചാൽ ഓണത്തിന് പുത്തിരി
- ഓണം പോലെയാണോ തിരുവാതിര
- രണ്ടോണം കണ്ടോണം , മൂന്നോണം മുക്കി മൂളി , നാലോണം നക്കി തുടച്ചു , അഞ്ചോണം പിഞ്ചോണം



SANGEETHA

# Names of months


AKUL R KAMMATH

The names of months in English come from Latin words

**January**- This month was dedicated to Janus ,the Roman god to doors. Janus had two faces,one looking bact at the other looking forward to the new year

**February**

Januaries -Februa was the Roman purification festival,which took place at this time of the year

**March**

Martius – from Mars, the Roman god of war.

**April**

Aprills- from aperire, Latin for open,because plants begin to open during this month

**May**

Maus- probably comes form Maia,the Roman goodness of growth and increase

**June**

Junius- Either from a Roman family name Junius,which means young,or perhaps after the goodness Juno

**July**

Julius- after Julius Caesar. This month was named in Caesar's honour by mark Antony in 44th BC previously this month was called Quintiles,from the word Quintiles ,five Qs it was the fifth month in the Roman calender

**August**

August- named in 8th BC is honour of Emperor Augustus

**September**

September- from septem,seven,because it was the seventh month in the Roman calender

**October**

October- from Octo, eight, Qs in octopus , which has eight month in the Roman calender

**November**

November- from Novem,nine the ninth month in the Roman calender

**December**

December- from decem,ten,the tenth month in the Roman calender

# സ്നേഹ സ്പർശം





നമ്മുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ശിശുദിനത്തിൽ നടത്തിയ വ്യത്യസ്തമായ ഒരു പ്രവർത്തനമാണിത് കായംകുളം ഗവൺമെൻറ് എൽ പി എസ് സ്കൂളിലാണ് ഈ പ്രവർത്തനം നടത്തിയത് . കായംകുളത്തു സവിശേഷ ശ്രദ്ധ അർഹിക്കുന്ന കുട്ടികൾ കൂടുതലായി പഠിക്കുന്ന വിദ്യാലയമാണിത്

ആരും എല്ലാം തികഞ്ഞവരല്ല , ഈ കുഞ്ഞുങ്ങൾക്ക് സഹോദരങ്ങളായി ഈ നാട്ടിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിങ്ങൾക്കൊപ്പമുണ്ട് എന്ന ആശ്വാസ വാക്കുകൾ പകർന്നും മധുരം നൽകിയും പാട്ടുകൾ പാടിയും വിവിധ വിനോദങ്ങളിൽ ഏർപ്പെട്ടുമായാണ് അംഗങ്ങൾ ശിശുദിനം ആഘോഷിച്ചത് .
കൂടാതെ ഈ കുട്ടികൾക്കായി ഒരു കാർട്ടൂൺ സിനിമ പ്രദർശിപ്പിച്ചു . കൂടാതെ കുട്ടികളുമായി ചേർന്ന് പ്ലാവില കൊണ്ട് തൊപ്പി , ബെൽറ്റ് , ഓല കൊണ്ടുള്ള വാച്ചു എന്നിവ നിർമിച്ചു. ഈ സമയം അവിടെ എത്തിയ കായംകുളം എ ഇ ഓ യൂണിറ്റ് പ്രവർത്തനങ്ങളെ അഭിനന്ദിച്ചു

## Interesting facts

There is only one word in English language with three consecutive set of double letters – Book keeper

There is a word in English language with one vowel which occurs six times – Indivisible

There are two words in English Language which all vowels in order -Abstemious, Facetious

The word QUEUE is the only one word in English that still pronounced the same way when the last four letter are removed

Only three words in English end with 'ceed ' : proceed, exceed, succeed


The letter most is use in English is 'E' and the letter "Q" is the last.



SOORYA NARAYANAN

# മൊബൈൽ ഫോൺ ..  ശത്രുവോ ? .. മിത്രമോ?

21 ആം നൂറ്റാണ്ടിന്റെ തുടക്കം മുതൽതന്നെ മൊബൈൽ ഫോൺ എവിടെയും തന്റെ ആധിപത്യം ഉറപ്പിച്ചിരിക്കുന്നു. ഏത് ഇളം പൈതൽ മുതൽ ശതാബ്ദി ആഘോഷിക്കുന്ന വൃദ്ധന്മാരുടെ വരെ സന്തത സഹചാരിയായിരിക്കുകയാണ് മൊബൈൽ ഫോൺ. എന്ന് അവ വാർത്ത വിനിമയ ഉപാധി മാത്രമല്ല ഒരു ആഡംബരവസ്തുവും കൂടിയാണ്.



മൊബൈൽ ഫോണുകളുംഅവയുടെ ഉപയോഗവും ക്രമാധീതമായി വർദ്ധിചെങ്കിലും  അവയുടെ  ദൂഷ്യവശത്തെ കുറിച്ച് ബോധവാന്മാരല്ല  . മക്കളുടെ ശാഠ്യത്തിനു വഴങ്ങി പതിനായിരങ്ങൾ വിലമതിക്കുന്ന ഫോണുകൾ വാങ്ങിനൽകുമ്പോൾ മാതാപിതാക്കൾ തന്റെ കുഞ്ഞിന്റെ നാശം വിളിച്ചുവരുത്തുകയാണെന്നു ചിന്തിക്കാറില്ല . അവർ എങ്ങനെ ഉപയോഗിക്കുന്നു എന്നും മൊബൈൽ ഫോൺ എന്ന മോഹന വലയത്തിൽ മറഞ്ഞിരിക്കുന്ന ചതിക്കുഴികൾ എന്തൊക്കെ എന്നോ രക്ഷിതാക്കൾ ബോധവാന്മാരല്ല .
പണ്ട് ചരമ കോളത്തിൽ വാഹനാപകടങ്ങൾ നിറഞ്ഞു നിന്ന കോളങ്ങൾ ഇന്ന് മൊബൈൽ ഫോൺ വരുത്തിവെക്കുന്ന അപകടങ്ങളാൽ നിറഞ്ഞു. വാഹനമോടിക്കുമ്പോൾ ഫോൺ ഉപയോഗിക്കുന്നത് നിയമ ലംഘനമാണെന്ന് അറിഞ്ഞു തന്നെ നിയമമാണ് ലംഘിക്കുന്ന നാം അറിയാത്തതെത്ര ....
പ്രശസ്ത ജീവ കോശ ശാസ്ത്രജ്ഞനായ ഫിറോൺ മാറിനെല്ലിയും സംഘവും നാഷണൽ റിസർച്ച് കൗൺസിൽ ഓഫ് ഇറ്റലിയുമായി ചേർന്നു നടത്തിയ പഠനങ്ങളിൽ നിന്ന് മൊബൈൽ ഫോണിന്റെ തരംഗങ്ങൾ കാൻസർ കോശങ്ങളുടെ വളർച്ചക്ക് കാരണമാകുമെന്ന്  കണ്ടെത്തി.
ശാസ്ത്രജ്ഞന്മാർ ഏതാണ്ട് ഒരു മണിക്കൂറോളം എലികളെ മൊബൈൽ ഫോണിനോടൊപ്പം വെച്ചു. അവരുടെ തലച്ചോറിനേറ്റ ക്ഷതങ്ങൾ ഭേദമാകാൻ മാസങ്ങൾ വേണ്ടിവന്നു. ഇരുപത്തിനാലു മണിക്കൂറും മൊബൈൽ ഫോൺ കാതോർത്തിരുന്ന ജനതയുടെ ശ്രവണ ശക്തി മാത്രമല്ല നമ്മുടെ വിലപ്പെട്ട തലച്ചോറുകൂടിയാണ് നഷ്ടമാകുന്നത് .

***പ്രിയ സുഹൃത്തുക്കളെ  മൊബൈൽ ഫോണോ ജീവനോ വലുത് ............ ചിന്തിക്കൂ .......***



AYSHA HUSSAIN

# Top 5 fun facts

**1.** You can't see your ears without mirror.
**2.** You can't count your hair
**3.** **Y**ou can't breathe  through nose,with your tongue out
**4.** **Y**ou can't wash your eyes with soap
**5.** you can't sneeze without closing your eyes



DEVANARAYANAN

# ജില്ലാ കലോത്സവം




*മാവേലിക്കര മറ്റം സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂൾ പ്രധാന വേദിയിലാണ് 2018 -19 അധ്യയന വർഷത്തെ ജില്ലാ കലോത്സവം നടന്നത്. നവംബർ 21 -22 തീയതികളിലാണ് കലോത്സവം നടന്നത്. ഈ പരിപാടികളുടെ സുഗമമായ നടത്തിപ്പിന് SPC, Scout & Guides, NSS എന്നീ യൂണിറ്റുകളുടെ സഹകരണം ഇതിന്റെ ഭാരവാഹികൾ ഉറപ്പുവരുത്തിയിരുന്നു.*

*എന്നാൽ ജില്ലയിൽ ഇതാദ്യമായി ഇതുപോലെ ഒരു പ്രോഗ്രാമിന് ലിറ്റിൽ കൈറ്റിസിനെ കൂടി ഉൾപ്പെടുത്തി. വിഠോബാ ലിറ്റിൽ കൈറ്റിന്റെ മുൻ പ്രവർത്തനങ്ങൾ മനസിലാക്കിയാണ് ഇങ്ങനെ ഒരു പ്രവർത്തനത്തിനായി ഈ യൂണിറ്റിന് അവസരം നൽകിയത്. നവംബർ ഇരുപത്തിരണ്ടാം തീയതി പ്രധാന വേദിയിൽ രാവിലെ 9 മണിക്ക് എത്തിച്ചേരാനുള്ള നിർദ്ദേശം യൂണിറ്റിന് ലഭിച്ചു.*

*ലിറ്റിൽ കൈറ്റിലെ ഇരുപത്തിരണ്ട് അംഗങ്ങൾക്കാണ് (9 ആൺകുട്ടികളും , 13 പെൺകുട്ടികളും ) ഈ പ്രവർത്തന ഡ്യൂട്ടി നൽകിയത്. മുൻകൂട്ടി നിർദേശിച്ച പ്രകാരം രാവിലെ കൃത്യം എട്ടരയ്ക്ക് കുട്ടികൾ സ്കൂളിൽ എത്തിച്ചേർന്നു. അവിടെ നിന്നും സ്കൂൾ ബസ്സിൽ 8.50 ന മറ്റം സ്കൂളിൽ എത്തിച്ചേർന്നു. അവിടെ അധികാരികളുമായി ബന്ധപെട്ടപ്പോൾ ഭക്ഷണശാല യിലാണ് ഡ്യൂട്ടി എന്ന് മനസിലായി. സ്കൂളിൽ രണ്ട് വേദികളുണ്ടായിരുന്നു. കൂടാതെ അടുത്തായി മറ്റം സെന്റ് ജോൺസ് പാരിഷ് ഹാളിൽ ഒരു വേദിയും. അങ്ങനെ 3 വേദികളിലായി 10 മത്സര ഇനങ്ങളിലായി ഏകദേശം 300 കുട്ടികൾ പങ്കെടുക്കുന്നുണ്ടായിരുന്നു.*



കൃത്യം 9 .05 ന തന്നെ കുട്ടികൾ ഡ്യൂട്ടിക്ക് തയാറായി. കുട്ടികളെ നാല് ഗ്രൂപ്പായി തിരിച്ചു. ആൺ കുട്ടികളിൽ നാല് പേർ പ്രഭാത ഭക്ഷണം വിളമ്പാനുള്ള ഡ്യൂട്ടി ഏറ്റെടുത്തു. 2 പേർ പ്ലേറ്റ് നൽകാനുള്ള ചുമതലയും പെൺകുട്ടികൾ ക്യൂ നിയന്ത്രിച്ചു . ആൺകുട്ടികളിൽ ബാക്കിയുണ്ടായിരുന്ന 5 പേരെ രണ്ടു ഗ്രൂപ്പ്





ആയി തിരിച്ചു .

രണ്ട് പേർക്ക് വേസ്റ്റ് മാനേജ്മെന്റും മൂന്ന് പേർക്ക് ക്ലീനിങ് & റീപ്ലേസ്മെന്റ് ഡ്യൂട്ടിയും നൽകി . വേസ്റ്റ് മാനേജ്മന്റ് ഗ്രൂപ്പ് വേസ്റ്റ് നിക്ഷേപിക്കാനുള്ള ഒരു കുട കണ്ടെത്തി. അതിനായി ഒരു പ്ലക്ക് കാർഡും നിർമിച്ചു. അവർ ആഹാര അവശിഷ്ടങ്ങൾ ആ കുട്ടയിൽ നിക്ഷേപിക്കാൻ ആവശ്യപ്പെട്ടു

ക്ലീനിങ് റീപ്ലേസ്മെന്റ് ഗ്രൂപ്പ് കഴുകി വെച്ച പ്ളേറ്റുകൾ, ഗ്ലാസ്സുകൾ എന്നിവ ഒന്നുകൂടി കഴുകി പ്ലേറ്റ് നൽകുന്നവരെ ഏൽപിച്ചു. പ്രഭാത ഭക്ഷണം പുട്ട്, കടല കറി, ചായ എന്നിവ യായിരുന്നു . കുട്ടികളിൽ പലരും കടലക്കറി വേസ്റ്റ് ചെയുന്നു എന്ന് മനസിലാക്കി വേസ്റ്റ് മാനേജ്മന്റ് ഗ്രൂപ്പ് , സെർവിങ് ഗ്രൂപ്പിന് നിർദേശം നൽകി.

9 . 10 ന തുടങ്ങിയ പ്രഭാത ഭക്ഷണ വിതരണം ഏകദേശം 11 : 30 വരെ തുടർന്നു.. 11 : 30 ന കുട്ടികൾക്ക് ഡ്യൂട്ടി ബ്രേക്ക് നൽകി. കുട്ടികൾ അവരവർക്കു നൽകിയ ഏരിയ ക്ലീൻ ചെയ്തു

റിപ്പോർട്ട് ചെയ്തു. അതിനു ശേഷം കുട്ടികൾക്ക് കലോത്സവം കാണാനുള്ള അവസരം നൽകി . നിർദേശം നൽകിയ ശേഷം 12 : 15 നു തിരികെ എത്താൻ ആവശ്യപ്പെട്ടു. കലോത്സവ വേദികളിലെ മോഹിനിയാട്ടം, നാടോടി നൃത്തം,ലളിതഗാനം എന്നിവ ആസ്വദിച്ച ശേഷം യൂണിറ്റ് അംഗങ്ങൾ കൃത്യ സമയത്തു തിരികെയെത്തി.



ആദ്യം തിരികെയെത്തിയ രണ്ടുപേർ സംഘടകരെ ഭക്ഷണ കൂപ്പൺ എണ്ണിത്തിട്ടപ്പെടുത്താൻ സഹായിച്ചു. മറ്റുള്ളവർ ഭക്ഷണ ഹാൾ ക്രമീകരിച്ചു. ഡ്യൂട്ടി ചേഞ്ച് ചെയ്തു. എണ്ണത്തിൽ കൂടുതലുള്ള പെൺകുട്ടികൾക്കു വിളമ്പുന്ന ഡ്യൂട്ടി നൽകി.





വിഭവ സമൃദ്ധമായ സദ്യയായിരുന്നു. ചോറ്, പരിപ്പ്, സാമ്പാർ, തോരൻ, പച്ചടി, രസം,പായസം, പപ്പടം എന്നിവയായിരുന്നു വിഭവങ്ങൾ. ആണ്കുട്ടികൾക്കു പ്ലേറ്റ് നൽകുക , ക്യൂ നിയന്ത്രിക്കുക, കൂപ്പൺ വാങ്ങുക, ഡോർ , പ്ലേറ്റ് തിരികെ ഏല്പിക്കുക , വേസ്റ്റ് മാനേജ്മെന്റ് , കുടിവെള്ളം , എന്നി ഡ്യൂട്ടി കൾ നൽകി .







1:10 ന തുടങ്ങിയ ഭക്ഷണ വിതരണം മൂന്ന് മണി വരെ തുടർന്നു. മൂന്ന് വേദികളിലെയും മത്സരാർത്ഥികളും, അധ്യാപകരും, രക്ഷകർത്താക്കളും, സംഘടകർ, വിധികർത്താക്കൾ എന്നിവർ അടക്കം ഏകദേശം എഴുന്നൂറ് പേർക്ക് ഭക്ഷണം വിളമ്പുക എന്ന ശ്രമകരമായ ദൗത്യം ലിറ്റിൽ കൈറ്റ് യൂണിറ്റ് വിജയകരമായി നിർവഹിച്ചു.

വളരെ ക്ഷമയോടെ, വിനയത്തോടെ, കൃത്യമായി ഭക്ഷണം വിളമ്പിയ യൂണിറ്റ് അംഗങ്ങളെ സംഘടകർ അഭിനന്ദിച്ചു. മീഡിയ പ്രവർത്തകർ കുട്ടികളുടെ പ്രവർത്തന റിപ്പോർട്ട് തയാറാക്കി . കുട്ടികളുടെ വേറിട്ട പ്രവർത്തന ശൈലിയും പ്രത്യേക നിറത്തിലുള്ള യൂണിഫോമും ആളുകളിൽ ഒരു പ്രത്യേക പരിഗണന നേടാൻ സഹായിച്ചു

# ABBREVIATIONS

A to D

A/D -Analog-to-Digital
AI-Artificial Intelligence
ALU - Arithmetic Logic Unit
AMD -Advanced Micro Devices
ASCII - American Standard Code for Information Interchange
BASIC - Beginners All-purpose Symbolic Instruction Code
BIOS -Basic Input Output System
CAD -Computer Aided Design
CAN -Campus Area Network
CD -Compact Disk
CD-R -CD-Recordable
CD-ROM -Compact Disk Read Only Memory
CD-RW -CD Read/Write
CPU -Central Processing Unit
CRT -Cathode Ray Tube
DAT -Digital Audio Tape
DBMS -Data Base Management System
DVD -Digital Video/Versatile Disk



NEHALA MOL

# കേരളം -- ഏറ്റവും ആദ്യത്തേത്



പത്രം --- രാജ്യസമാചാരം

ഗ്രന്ഥശാല --- തിരുവനന്തപുരം പബ്ലിക് ലൈബ്രറി

ബാങ്ക് - നെടുങ്ങാടി ബാങ്ക്

അച്ചടി ശാല - സി എം എസ് പ്രസ് കോട്ടയം

കാഴ്ച ബംഗ്ലാവ് - തിരുവനന്തപുരം

പക്ഷിസങ്കേതം - തട്ടേക്കാട്

ഇംഗ്ലീഷ് മീഡിയം സ്കൂൾ - മട്ടാഞ്ചേരി

വിമാന സർവീസ് - തിരുവനന്തപുരം - മുംബൈ

മലയാള സിനിമ - വിഗതകുമാരൻ

സംഭാഷണങ്ങൾ ഉൾപ്പെടുത്തിയ മലയാള സിനിമ - ബാലൻ

മലയാളത്തിലെ ആദ്യ നിഘണ്ടുവും വ്യാകരണ ഗ്രന്ഥവും - ഹെർമൻ ഗുണ്ടർട്ട്

മലയാള നോവൽ - കുന്ദലത

മലയാള പുസ്തകം - സംക്ഷേപ് വേദാർഥം

കോളേജ് - സി എം എസ് കോളേജ് കോട്ടയം

പേപ്പർ മിൽ - പുനലൂർ

എഞ്ചിനീറിങ് കോളേജ് - തിരുവനന്തപുരം

മെഡിക്കൽ കോളേജ് - തിരുവനന്തപുരം

വൈദ്യുതികരിച്ച ആദ്യ പട്ടണം - തിരുവനന്തപുരം

ജലവൈദ്യുതി പദ്ധതി - പള്ളിവാസൽ

ഡീസൽ വൈദ്യുതി പദ്ധതി - ബ്രഹ്മപുത്ര



VISHNU P

# പുരാണങ്ങൾ

1.ബ്രഹ്മപുരാണം
2.വിഷ്ണുപുരാണം
3.ശിവപുരാണം
4.ഭാഗവതപുരാണം
5.പദ്മപുരാണം
6.നാരദപുരാണം
7.മാർക്കണ്ഡേയപുരാണം
8.ഭവിഷ്യപുരാണം
9.ലിംഗപുരാണം
10.വരാഹപുരാണം
11.ബ്രഹ്മവൈവർത്തപുരാണം
12.സ്കന്ദപുരാണം
13.വാമനപുരാണം
14. മത്സ്യപുരാണം
15.കൂർമ്മപുരാണം
16.ഗരുഡപുരാണം
17.ബ്രഹ്മാണ്ഡപുരാണം
18.അഗ്നിപുരാണം



ARAVIND B

# ഹായ്.......... കൂട്ടുകാരാ.............

കേരളവിദ്യാഭ്യാസ വകുപ്പിന്റെ നിർദേശ പ്രകാരം എല്ലാ വിദ്യാഭാസ സ്ഥാപനങ്ങളും നവംബർ 27 മുതൽ  ഡിസംബർ 3 വരെ " ഭിന്നശേഷി " വാരാചരണം  നടത്തണമെന്ന്  നിർദേശം നല്കിട്ടുണ്ട്. ഇതിൽ ലിറ്റിൽ കൈറ്റിസും പങ്കുചേരാൻ തീരുമാനിച്ചു. ഇതിനായി യൂണിറ്റങ്ങളുടെ ഒരു യോഗം കൂടി. ഭിന്നശേഷിയുള്ള കുട്ടികളെ കുറിച്ചും അവരുടെ പ്രവർത്തനങ്ങളെ കുറിച്ചും അംഗങ്ങൾക് മനസ്സിലാക്കിട്ടുണ്ട്. " **സ്നേഹസ്പർശം** " എന്ന പ്രോഗ്രാം ഇത്തരം കുട്ടികൾക്കായി നവംബർ 14 ശിശു ദിനവുമായി ബന്ധപെട്ടു യൂണിറ്റ് നടത്തിയതാണ്. എന്നാൽ ഇത്തവണ കുറച്ചുകൂടി വിപുലപ്പെടുത്തി പ്രോഗ്രാം നടത്താൻ തീരുമാനിച്ചു. ഇതിനായി നമ്മുടെ സ്കൂളിലെയും സമീപ സ്കൂളിലെയും കുട്ടികളെയും ഉൾപെടുത്താൻ തീരുമാനിച്ചു .   പ്രവർത്തനത്തിയി ആദ്യം ഒരു പ്രോഗ്രാം ചാർട്ട് തയാറാക്കി. കുട്ടികൾക്കായി, കളറിംഗ്, ഗാനാലാപനം, ബലൂൺ ഗെയിം , എന്നിവ നടത്താൻ തീരുമാനിച്ചു. ഇതിനായി ആദ്യം കളറിംഗ് ഷീറ്റുകൾ തയാറാക്കി. കളർ ചെയ്യുന്നതിനായി  40 പാക്കറ്റ് ക്രയോൺ , വാട്ടർ കളർ എന്നിവ വാങ്ങി. അടുത്തുള്ള സ്കൂളുകൾ സന്ദർശിച്ചു ഈ വിഭാഗത്തിലുള്ള കുട്ടികളെ കണ്ടെത്തി. അവിടത്തെ പ്രധാന അധ്യാപകരുമായി ലിറ്റിൽ കൈറ്റ്സ് നടത്താൻ ഉദ്ദേശിക്കുന്ന പരിപാടികൾ ചർച്ച ചെയ്യു. ഇതിനു പൂർണ പിന്തുണ അവർ അറിയിച്ചു. കൂടാതെ ലിറ്റിൽ കൈറ്റ്സിന്റെ സാമൂഹ്യ പ്രവർത്തനത്തെ അവർ അഭിനന്ദിക്കുകയും ചെയ്യു.



**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കുട്ടികളെ കളർ  ചെയ്യാൻ സഹായിക്കുന്നു**

***നവംബർ 29*** *വ്യാഴാച്ച രാവിലെ പതിനൊന്നു മണിക്ക് പ്രോഗ്രാം നടത്താം എന്ന് സ്കൂളുകൾക്ക് നിർദേശം നൽകി. എന്നാൽ മറ്റു സ്കൂളുകളിലെ കുട്ടികളെ നമ്മുടെ സ്കൂളിൽ എത്തിക്കാനുള്ള ബുദ്ധിമുട്ടു സ്കൂളുകൾ അറിയിച്ചു. കുട്ടികളുടെ രക്ഷകർത്താക്കളെ നേരിട്ട് ബന്ധപെട്ടു. എന്നാൽ തങ്ങൾക്കു പരിചയമില്ലാത്ത അന്തരീക്ഷവും സ്കൂളും ഈ കുട്ടികളുടെ പെരുമാറ്റത്തിലും മനസികനിലയിലും ഉണ്ടായേക്കാവുന്ന മാറ്റം അവരെ അസസ്ഥരാക്കി . അതിനാൽ അവർക്കുള്ള പ്രവർത്തനങ്ങൾ അവരുടെ സ്കൂളിൽ തന്നെ നടത്താൻ തീരുമാനിച്ചു. ഇതിനായി യൂണിറ്റ് അംഗങ്ങൾക്ക് മേൽനോട്ട ഡ്യൂട്ടി നൽകി.*

*ശ്രീ വിട്ടോബ സ്കൂളിൽ പഠിക്കുന്ന ഭിന്നശേഷി കാരായ കുട്ടികളെ കണ്ടെത്തി . അവരെ നേരിട്ടും ഗ്രഹസന്ദര്ശനം നടത്തിയും പരിപാടിക്ക് ക്ഷണിച്ചു. ഇവർക്കായി കളറിംഗ്, ഗാനാലാപനം, ബലൂൺ ഗെയിം എന്നിവ സംഘടിപ്പിച്ചു. ഇതിനുശേഷം ഇവർക്കെല്ലാം സമ്മാനങ്ങൾ നൽകി. ഇവർക്കായുള്ള ട്രോഫി കൾ പി ടി എ പ്രസിഡണ്ട് സന്തോഷ്കുമാർ , സീനിയർ അസിസ്റ്റന്റ് ശോഭ ടീച്ചർ, സ്റ്റാഫ് സെക്രട്ടറി സുധന്യ ടീച്ചർ എന്നിവർ വിതരണം ചെയ്യു. ഈ കുട്ടികൾക്ക് നോട്ട്സ് പൂർത്തിയാക്കി നൽകാനുള്ള ദൗത്യം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഏറ്റെടുത്തു*



**സ്നേഹ സമ്മാനം**






*കൂടാതെ വാടാത്ത ജീവിതത്തിന്റെയും , മങ്ങാത്ത സ്നേഹത്തിന്റെയും പ്രതീകമായി കടലാസ്സുപൂക്കൾ യൂണിറ്റ് അംഗങ്ങൾ നിർമിച്ചു കുട്ടികൾക്ക് സമ്മാനമായി നൽകി*


## വായന അറിവിന്റെ ഉറവിടം

" വായിച്ചു വളരുക " എന്ന സന്ദേശവിമായി പുസ്തകങ്ങളുടെ വിശാല ലോകത്തെ പരിചയപ്പെടുത്തിയ പുതുവായിൽ നാരായണപ്പണിക്കർ എന്ന പി എൻ പണിക്കരുടെ ജന്മദിനമാണ് നാം വായനാദിനമായി ആചരിക്കുന്നത് ഇദ്ദേഹത്തിന്റെ ചരമദിനം മുതൽ ഒരാഴ്ച നാം വായനവാരമായി ആചരിക്കുന്നു. വായന മനസിന്റെ ഉറവിടമാണ് . മനസു വളർത്തലിനും അന്വേഷണത്വര വർധിപ്പിക്കുന്നതിനും വായന നമ്മെ സഹായിക്കുന്നു .

പുസ്തകങ്ങളോടെയുള്ള കൂട്ട് വളർത്തിയെടുത്താൽ ജീവിതം വിരസമല്ല . അറിവിന്റെ ശേഖരത്തിലേക്കു വിലയേറിയ മുത്തുകൾ വിരുന്നു വരും. ഒരു ദിവസം നമ്മൾ ടെലിവിഷന് മുന്നിൽ എത്ര നേരം ചിലവഴിക്കുണ്ട് ? എന്നാൽ കണ്മുന്നിൽ മിന്നി മറയുന്ന കാഴ്ച്ചയെക്കാൾ അക്ഷരത്തിലൂടെയുള്ള സഞ്ചാരം മനസ്സിൽ മായാതെ നില്കും. ടി വി കാണുന്ന സമയത്തിൽ കുറവ് വരുത്തി പുസ്തകവുമായുള്ള ചങ്ങാത്തം വളർത്തിയെടുക്കുക. എഴുത്തിനുള്ള പ്രചോദനമാണ് ആഴത്തിലുള്ള പുസ്തക വായന . അതിനാൽ വായന ശീലമാക്കുക



POORNIMA




**13837**
**X**
**Your age**
**X**
**73 = ?**

Just try it
You will get
an interesting
Result



SOJU SOMAN

## The Butterfly

I like the butterfly

come and sing a song with me
you are beautiful, come to my garden
drink honey in the flowers
fly, fly in the sky
your colourful wings- I like it
I like the butterfly.



Butterflies fluttering around
canoes moving slowly
across the subtle waves
kids laughing and gawking
Bugs flying , ducks fighting
families grilling ,couples
holding hands. This is relaxation.
This is nature



NOUFI

## MATH MAGIC

| | |
|---|---|
| 1*9 + 2 = 11 | 1*8+1=9 |
| 12*9 + 3=111 | 12*8+2=98 |
| 123*9 + 4=1111 | 123*8+3 =987 |
| 1234*9 + 5 =11111 | 1234*8 +4 =9876 |
| 12345*9 + 6=111111 | 12345 * 8 +5 =98765 |
| 123456*9 + 7=1111111 | 123456*8+6 =987654 |
| 1234567*9 + 8=11111111 | 1234567*8+7 =9876543 |
| 12345678*9 + 9 =111111111 | 12345678*8 +8 =98765432 |
| | 123456789*8 +9 =987654321 |



ARUN RAJ R

# "സൗരയൂഥം"



കായംകുളം ശ്രീ വിഠോബാ സ്കൂളിന്റെ ഒരു ഫീഡിങ് സ്കൂൾ ആണ് മുലേശ്ശേരി എൽ പി എസ്. ലിറ്റിൽ കൈറ്റ് ശ്രീ വിട്ടോബ നടത്തിയ പല പ്രവർത്തനങ്ങളും ഈ സ്കൂളിലെ അധ്യാപകർ അറിയുന്നുണ്ടായിരുന്നു . എന്നാൽ വിഠോബാ സ്കൂളിൽ നിന്നും ഈ സ്കൂളിലേക്കുള്ള ദൂരം കൂടുതലായതിനാൽ ഇവിടെ പ്രവർത്തനം നടത്താൻ ലിറ്റിൽ കൈറ്റ് യൂണിറ്റിനു കഴിഞ്ഞില്ല. ഈ വിവരം എച് എം മീറ്റിംഗിൽ പ്രധാന അധ്യാപകർ കണ്ടപ്പോൾ സംസാരിക്കുകയും ആ സ്കൂളിൽ ഒരു പ്രവർത്തനം നടത്തണം എന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഇതിനായി **28/11/2018** ബുധനാഴ്ച ഉച്ചക്ക് രണ്ട് മണിക്ക് സ്കൂളിൽ എത്താം എന്ന് ഉറപ്പ് നൽകി . അധികം സമയം ലഭിക്കാതിരുന്നതിനാൽ മുൻപ് മറ്റു എൽ പി സ്കൂളിൽ നടത്തിയ സൗരയൂഥം എന്ന അവതരണം നടത്താൻ തീരുമാനിച്ചു . ഇതിനായി അഞ്ചു പേരുടെ ഒരു ഗ്രൂപ്പിന് ഡ്യൂട്ടി നൽകി . കൃത്യം 2 മണിക്ക് തന്നെ ഗ്രൂപ്പ് മുലേശ്ശേരി എൽ പി എസിൽ എത്തി ചേർന്നു. അവിടെ മലയാള തിളക്കം എന്ന ഒരു പ്രോഗ്രാം നടക്കുകയായിരുന്നു. എൽ കെ ജി മുതൽ നാലാം ക്ലാസ് വരെയുള്ള മറ്റു കുട്ടികളെ ഉൾപ്പെടുത്തി യൂണിറ്റ്അംഗങ്ങൾ പ്രസന്റേഷൻ നടത്തി. അതിനു ശേഷം എൽ കെ ജി കുട്ടികൾക്കായി ഒരു അനിമേഷൻ ഫിലിം പ്രദർശനവും നടത്തി. എല്ലാ മാസവും ഏതെങ്കിലും ഒരു ദിവസം വന്നു ഇതു പോലെ ഒരു പ്രവർത്തനം നടത്തണം എന്ന് എച് എം ആവശ്യയുപെട്ടു .

# സ്കൂൾ വിക്കി



കായംകുളം ശ്രീ വിഠോബാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനാണ് ഈ വർഷം കലോത്സവത്തിന്റെ രചനാ മത്സരങ്ങൾ സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യാനുള്ള അവസരം ലഭിച്ചത്. ഈ വിവരം ആലപ്പുഴ ജില്ല കൈറ്റിന്റെ ചാർജുള്ള രാജേഷ് സർ , മാവേലിക്കര വിദ്യാഭ്യാസ ജില്ല കൈറ്റിന്റെ ചാർജുള്ള അഭിലാഷ് സർ , കായംകുളം ചാർജുള്ള ഉണ്ണി സർ എന്നിവരിൽ നിന്നും അറിഞ്ഞു .

അടിയന്തിരമായി യൂണിറ്റ് അംഗങ്ങളുടെ ഒരു യോഗം വിളിച്ചു ചേർത്തു. യൂണിറ്റിനു ലഭിച്ച പ്രവർത്തനത്തിന്റെ പ്രാധാന്യം പറഞ്ഞു മനസിലാക്കി. ഈ പ്രവർത്തനത്തിനായി 21 കുട്ടികളുടെയും , കൈറ്റ് മാസ്റ്റർ, മിസ്ട്രസ് എന്നിവരുടെ ടീം തയാറായി, കലോത്സവം തുടങ്ങുന്ന ഡിസംബർ ഏഴാം തീയതി ഉച്ചക്ക് ആലപ്പുഴ ലജനത്തുൽ സ്കൂളിൽ എത്താനാണ് നിർദേശം എന്നറിയിച്ചു.



ഇതു പ്രകാരം ഉച്ച ഭക്ഷണത്തിനു ശേഷം 12 മണിക്ക് ലജനത്തുൽ സ്കൂളിലേക്ക് പുറപ്പെട്ടു.ഏകദേശം ഒരു മണിക്ക് സ്കൂളിൽ എത്തിച്ചേർന്നു. എന്നാൽ രചനാ മൂല്യനിർണയം നടന്നിരുന്നില്ല.

ആയതിനാൽ കുട്ടികൾക്ക് 6 ആം നമ്പർ വേദിയിൽ നടന്നുകൊണ്ടിരുന്ന ഹൈ സ്കൂൾ വിഭാഗം ഒപ്പന

കാണാനുള്ള അവസരം ലഭിച്ചു.




ഏകദേശം രണ്ട് മണിക്ക് സജിത്ത് സർ കുട്ടികളോട് പ്രവർത്തനങ്ങൾക്കായി തയാറാകാൻ ആവശ്യപ്പെട്ടു. കുട്ടികൾക്ക് കണ്ണൻ ഷൺമുഖം സർ , ഗിരീഷ് സർ , ശ്രീജിത്ത് സർ, അഭിഷേക് സർ എന്നിവർ പ്രവർത്തനങ്ങൾ വിശദികരിച്ചു. കണ്ണൻ ഷൺമുഖം സർ ക്യാമറ ഉപയോഗിക്കുന്ന വിധം കുട്ടികൾക്ക് മുന്നിൽ രസകരമായി അവതരിപ്പിച്ചു. ഗിരീഷ് സർ ക്യാമറയിൽ എടുത്ത ചിത്രങ്ങളേ എങ്ങനെ "Scan Tailor " എന്ന സങ്കേതം ഉപയോഗിച്ച് പി ഡി ഫ് ആക്കാം എന്ന് വളരെ വിശദമായി വിവരിച്ചു. ശ്രീജിത്ത് സർ വിക്കിപീഡിയ യുടെ ഉത്ഭവം, ഉപയോഗം എന്നിവ വളരെ ലളിതമായി വിശദമാക്കി. കുട്ടികൾക്ക് പറഞ്ഞ പ്രവർത്തനങ്ങൾ ഒന്ന് പ്രയോഗിച്ച നോക്കാനുള്ള അവസരം നൽകി . എന്നാൽ ആ സമയം വരെയും മൂല്യ നിർണയത്തിന് ശേഷം രചനകൾ ലഭിച്ചിരുന്നില്ല . ആയതിനാൽ ആദ്യ ദിവസത്തെ പ്രവർത്തനം അവസാനിപ്പിച്ച ഏകദേശം നാലരയോടെ കുട്ടികൾ മടങ്ങി.



രണ്ടാമത്തെ ദിവസം (ഡിസംബർ 8) കൃത്യം 7.45 ന കായംകുളത്തു നിന്നും പുറപ്പെട്ടു. ബസ്സിൽ വെച്ച് തന്നെ കുട്ടികളെ മൂന്ന് ഗ്രൂപ്പുകളാക്കി . അവർക്കായുള്ള ചാർജ്ജും നൽകി.

ഗ്രൂപ്പ് 1 : <u>ഫോട്ടോഗ്രാഫി</u>

( അനന്ദു ,സൂര്യനാരായണൻ, പ്രഗതീഷ് ,അകുൽ ആർ കമ്മത്ത്)

ഗ്രൂപ്പ് 2 : <u>രചനകൾ ഫോക്കസ് അനുസരിച്ച് ക്രമീകരിക്കൽ</u>

(അൽ അമീൻ, സംഗീത,

സാന്ദ്ര സാജൻ ,   റാണിയാ) കൂടാതെ ദേവനാരായൺ, ഇർഫാന, അമ്മുക്കുട്ടി എന്നിവരെ *<u>കോഡ് നമ്പർ</u>* , <u>രചനകളിലെ പേജുകളിലെ എണ്ണം</u> എന്നിവ എഴുതുന്നതിനും നിയോഗിച്ചു .

ഇങ്ങനെ കിട്ടിയ ചിത്രങ്ങൾ കുട്ടികൾ ഗിരീഷ് സാറിനെ ഏല്പിച്ചു . ഗിരീഷ് സർ അവ ക്രോഡീകരിച്ചു മൂന്നാമത്തെ ഗ്രൂപ്പിന് നൽകി .

ഗ്രൂപ്പ് 3 : *<u>രചനകളെ ഡിജിറ്റൽ ആക്കുക (പിഡിഫ് ആക്കുക )</u>* വിഷ്ണു , മീനാക്ഷി സോമരാജൻ, നേഹലമോൾ, ഐഷ ഹുസൈൻ, പ്രിയങ്ക , പൂർണ്ണിമ, സോജുസോമൻ, അരവിന്ദ്  എന്നിവരെ കൂടാതെ കൈറ്റ് മാസ്റ്റർ സന്തോഷ് കെ , മിസ്ട്രസ് വി എസ് സുമാദേവി എന്നിവരായിരുന്നു അംഗങ്ങൾ .

ഇതു കൂടാതെ ഹരികൃഷ്ണൻ H , ശ്രീനിവാസ പൈ എന്നിവർക്ക് കണ്ണൻ സർ വേദികളും, അവിടത്തെ ഐറ്റങ്ങളും മലയാളത്തിൽ ടൈപ്പ് ചെയ്തു നൽകാനുള്ള നിർദേശം നൽകി .

ചെയ്യേണ്ട പ്രവർത്തനങ്ങൾ ശ്രീജിത് സർ ഒന്നുകൂടി വിശദമാക്കി. എല്ലാ ഗ്രൂപ്പുകളും അവരവരുടെ പ്രവർത്തനങ്ങൾ ശ്രദ്ധയോടെ ചെയ്തു തുടങ്ങി . പന്ത്രണ്ട് മണിയോടെ കുട്ടികൾ രണ്ടു ഗ്രൂപ്പുകളായി ഇ എം എസ് സ്റ്റേഡിയത്തിലെ ഭക്ഷണശാലയിലേക്കു ഉച്ചഭക്ഷണത്തിനായി പോയി .

## സംഖ്യകൾ പല ഭാഷകളിൽ.........

| | हिंदी | മലയാളം |
|---|---|---|
| One | १ | ൧ |
| Two | २ | ൨ |
| Three | ३ | ൩ |
| Four | ४ | ൪ |
| Five | ५ | ൫ |
| Six | ६ | ൬ |
| Seven | ७ | ൭ |
| Eight | ८ | ൮ |
| Nine | ९ | ൯ |
| Ten | १० | ൰ |



ANANDHU

ഏകദേശം1.30 ന കുട്ടികൾ തിരികെ എത്തി. ഉച്ചയൂണിന ശേഷം കുട്ടികളുടെ ഡ്യൂട്ടി ചെയിഞ്ച് ചെയ്യു. രാവിലെ കമ്പ്യൂട്ടർ കൈകാര്യം ചെയ്യവർക്ക് ക്യാമറ ഉപയോഗവും, തിരിച്ചും ഡ്യൂട്ടി നൽകി . ഇതുമൂലം കുട്ടികൾക്ക് മടുപ്പില്ലാതാക്കാനും , കൂടാതെ കുട്ടികൾക്ക് എല്ലാ മേഖലകളിലും ജോലി ചെയ്യാനുള്ള അവസരവും ലഭിച്ചു. ഏകദേശം ആറു മണിക്ക് ആലപ്പുഴയിൽ നിന്നും തിരിച്ച് ഏഴരയോടെ കായംകുളത്തു എത്തിച്ചേർന്നു . ബസ്സിൽ അന്നത്തെ അനുഭവങ്ങൾ കുട്ടികൾ പങ്ക് വെച്ചു. പ്രവർത്തനങ്ങളിലെ ചില എളുപ്പമാർഗങ്ങൾ ( അനുഭവങ്ങളിൽ നിന്നും ലഭിച്ചവ ) ചർച്ച ചെയ്യു.

മൂന്നാം ദിവസമായ ഡിസംബർ 9 ഞായറാഴ്ച രാവിലെ 7.35 ന കായംകുളത്തു നിന്നും തിരിച്ച് 9 മണിക്ക് ആലപ്പുഴയിൽ എത്തിച്ചേർന്നു നേരത്തെ തീരുമാനിച്ചപ്രകാരം കുട്ടികൾ ഗ്രൂപ്പുകളായി അവരുടെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പതിനൊന്ന മണിയോടെ ശ്രീജിത്ത് സർ കുട്ടികൾക്ക് ഐസ് ക്രീം നൽകി . കുട്ടികളുടെ പ്രവർത്തനം നേരിൽ



ബോധ്യപ്പെടാനായി ജില്ലാ കൈറ്റ് കോഓർഡിനേറ്റർ രാജേഷ് സർ സന്ദർശനം നടത്തി.

ഉച്ചയൂണിനു ശേഷം ക്യാമറ , അസ്സിസ്റ്റന്റ് എന്നിവരുടെ പ്രവർത്തനങ്ങൾ അവസാനിച്ചു . ഇവർ കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്ന ഗ്രൂപ്പിനെ സഹായിച്ചു. നാല് മണിയോടെ ലിറ്റിൽ കൈറ്റ് ടീം അവരുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതായി കണ്ണൻ സർ അറിയിച്ചു.

അതിനു ശേഷം ടീം ഒരു യോഗം ചേർന്നു. കണ്ണൻ സർ കുട്ടികൾ ചെയ്ത പ്രവർത്തനം സമൂഹത്തിന് എത്രമാത്രം പ്രയോജനകരമാണെന്നു മനസിലാക്കി തന്നു . കൂടാതെ കുട്ടികളുടെ പ്രവർത്തനത്തെ അഭിനന്ദിച്ചു. പിന്നീട് സംസാരിച്ച രഞ്ജിത് സർ ടീമിന്റെ സഹകരണത്തെ പ്രശംസിച്ചു. കോർഡിനേറ്ററായിരുന്ന സജിത്ത് സർ ഗ്രൂപ്പിന് ഈ പ്രവർത്തനം ഏൽപിക്കാനുള്ള സാഹചര്യവും ഗ്രൂപ്പ് ചെയ്ത പ്രവർത്തനവും വിശദീകരിച്ചു . ഏകദേശം 5 മണിയോടെ ആലപ്പുഴയിൽ നിന്നും തിരിച്ചു 6.45 യോടെ കായംകുളത്തു എത്തിച്ചേർന്നു .

## A GOOD STUDENT

A – Always liked by teachers
G – Greets every one with smile
O -On time to school
O -Obedient to teachers and parents
D – Dresses neat and Clean
S – Studies well
T - Treats Everyone with respect
U- understands every thing taught
D- Does daily homework
E – Eager to know things
N – Never Misbehaves
T – Talk less in class



AL AMEEN

## Fun Time ::



Anyone can make you smile, many people can make you cry, but it takes someone really special to make you special to make you smile with tears in your eyes.

It's funny how we feel so much but we don't say a word, we're screaming inside but we can't be heard

The best kind of people are the once that come into your life and make you see sun where you once saw clouds. The people that believe in you so much,you start to believe in you too. The people that love you simply for being you. The once in a lifetime kind of people



SANDRA SAJAN

# അക്ഷര ദീപം







കലോത്സവവുമായി ബന്ധപ്പെട്ട് ശ്രീ വിഠോബാ ലിറ്റിൽ കൈറ്റിനു രചനകളെ ഡിജിറ്റൽ ആക്കാനുള്ള പരിശീലനം ലഭിച്ചിരുന്നു. ഈ പ്രവർത്തനത്തിന് ഒരു തുടർ പ്രവർത്തനം ചെയ്യാൻ തീരുമാനിച്ചു. ഇതിനായി ഒരു യൂണിറ്റ് തല മീറ്റിംഗ് നടന്നു. പരീക്ഷ കാലമായതിനാൽ സ്കൂളിന് അടുത്തുള്ള 4 കൈറ്റ് കുട്ടികളെ തെരഞ്ഞെടുത്തു . ഇവരുമായി ചേർന്നു ലൈബ്രറികൾ സന്ദർശിച്ചു കാലപ്പഴക്കം ചെന്ന മുപ്പതു പുസ്തകങ്ങൾ ശേഖരിച്ചു . ഈ പുസ്തകങ്ങൾ കുട്ടികൾ ആദ്യം വായിച്ചു . ഇത്തരം പുസ്തകങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തി. ഡിജിറ്റലൈസേഷനുമായി ബന്ധപെട്ടു 4 കുട്ടികൾ കൈറ്റ് മാസ്റ്റർസിന്റെ സഹായത്തോടെ പുസ്തകങ്ങളുടെ ഫോട്ടോ എടുത്തു. ഇവ Scan tailor എന്ന സങ്കേതം ഉപയോഗിച്ച് tif ഫയലുകൾ ആക്കി . അതിനു ശേഷം DOS prompt ൽ ചെന്ന് അവ പി ഡി ഫ് ആക്കി . എന്നാൽ ഇത്തവണ രചന മത്സരങ്ങളെ അപേക്ഷിച്ചു ജോലി വ്യത്യസ്തമായിരുന്നു . കാരണം പുസ്തകത്തിന്റെ ആദ്യ - അവസാന പേജുകൾ കളറും മറ്റുള്ളവ ബ്ലാക്ക് ആൻഡ് വൈറ്റും ആയിരുന്നു. ഇതിനായി ജിമ്പ് സങ്കേതം ഉപയോഗിച്ച് കളർ ചിത്രങ്ങൾക്കു വ്യക്തത വരുത്തി . കുട്ടികൾക്കു ഇത് ഒരു പുതിയ അനുഭവം ആയിരുന്നു. ഇങ്ങനെ ഡിജിറ്റലാക്കിയ പുസ്തകങ്ങൾ ചേർത്ത് ഒരു ഡി വി ഡി തയാറാക്കി

. പത്തനംതിട്ട ജില്ലയിലെ മാന്നാർ പ്രദേശത്തു പ്രളയം മൂലം നശിച്ച ലൈബ്രറികളേ





കുറിച്ചുള്ള വാർത്തകൾ ദൃശ്യ മാധ്യമങ്ങളിലൂടെ കുട്ടികൾ കണ്ടതാണ്. ഇങ്ങനെ ബുദ്ധിമുട്ടുണ്ടായ ലൈബ്രറികൾക്കു ഈ ഡി വി ഡി കൾ നല്കാൻ തീരുമാനിച്ചു. ഇതിനായി ലൈബ്രറികളുമായി ബന്ധപെട്ടു കുട്ടികളുടെ പരീക്ഷ തീരുന്ന ദിവസം (21/12/2018 )ഉച്ചക്ക് 2 മണിക്കു ശേഷം എത്താം എന്ന് അറിയിച്ചു .

ശ്രീ വിഠോബാ ലിറ്റിൽ കൈറ്റ്സ്, കായംകുളം


**നോട്ടീസ്**

പ്രളയം മൂലം പുസ്തകങ്ങൾ നഷ്ടപെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്ത മാന്നാർ , പാണ്ടനാട് , തുരത്തിക്കാട് പ്രദേശങ്ങളിലെ പൊതു ലൈബ്രറികളിൽ കൈത്താങ്ങുമായി ശ്രീ വിഠോബാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് . വിരളവും കാലപ്പഴക്കം വന്നതുമായ മുപ്പതോളം മലയാള പുസ്തകങ്ങൾ ശേഖരിച്ച് അവയെ ഡിജിറ്റൽ രൂപത്തിലാക്കി ഡിസംബർ 21 ന ഈ ലൈബ്രറികൾക്കു കൈമാറുന്നു . ശ്രീ വിഠോബാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ 4 കുട്ടികളും, ഗണിത ശാസ്ത്ര വിഭാഗം അധ്യാപകനും കൈറ്റ് മാസ്റ്ററും ആയ ശ്രീ സന്തോഷ് കെ യും, മലയാളം വിഭാഗം അധ്യാപികയും കൈറ്റ് മിസ്ട്രസ്സുമായ ശ്രീമതി വി എസ് സുമാദേവിയുടെയും നേതൃത്വത്തിലാണ് ഈ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയത്.

പ്രസ്തുത ചടങ്ങിലേക്ക് ഏവരുടെയും സാനിധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു

അറിയിച്ചത് പോലെ നാഷണൽ ഗ്രന്ഥശാല കുരട്ടികാട് , മാന്നാർ ഗ്രന്ഥശാല കുരട്ടിശ്ശേരി , മഹാത്മാ ഗ്രന്ഥശാല കുറത്തികാട് ചെന്നിത്തല , ഡി ബി കോളേജ് പരുമല എന്നിവിടങ്ങളിൽ വിതരണം ചെയ്തു. ലൈബ്രറികൾക്കു വലിയൊരു സഹായമായി ഇത്തരത്തിലുള്ള ഒരു പ്രവർത്തനം . ഇങ്ങനെ ബുക്കുകൾ ഡിജിറ്റൽ ആക്കുന്നത് മൂലം പുസ്തകങ്ങൾക്ക് ലഭിക്കുന്ന പുതുജീവനെ കുറിച്ച് അവരെ ബോധ്യപ്പെടുത്തി . ചില ലൈബ്രറികൾ അവരുടെ കൈവശമുള്ള കാലപ്പഴക്കമുള്ളതും, അമൂല്യവുമായ ചില പുസ്തകങ്ങൾ ഡിജിറ്റലാക്കാൻ കുട്ടികൾക്ക് കൈമാറി. കൂടാതെ ഇത് ഒരു മികച്ച പ്രവർത്തനം ആണെന്നും ഇത് എല്ലാ ലൈബ്രറികൾക്കും പ്രയോജനകരം ആവുമെന്ന രീതിയിൽ ഒരു ക്ലാസ് സംഘടിപ്പിക്കണം എന്നും ആവശ്യപ്പെട്ടു .അതിനായി ലൈബ്രറി കൗൺസിൽ മാന്നാർ ഗ്രന്ഥശാലയുടെ സെക്രട്ടറി കെ ആർ എസ് നായർ സാറിനെ ചുമതലപെടുത്തി .





മാന്നാർ ഗ്രന്ഥശാല & വായനശാല
Reg. No. 04/CNR/1580
കുരട്ടിശ്ശേരി, മാന്നാർ-689622

പുസ്തകങ്ങൾക്ക് പുതുജീവൻ
ഡിജിറ്റലൈസേഷൻ-സാദ്ധ്യതാ പഠനക്ലാസ്

മാന്യരേ,
ആധുനിക ഗ്രന്ഥശാലകൾ കമ്പ്യൂട്ടർ വൽക്കരണത്തിന്റെയും ഡിജിറ്റലൈ
സേഷന്റെയും പാതയിലാണ്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഈ കാര്യ
ത്തിൽ ഏറെ അനുകൂലനയമാണ് സ്വീകരിച്ചിരിക്കുന്നത്. മാറ്റങ്ങൾ അനിവാര്യവും
അഭികാമ്യവുമാണ്.
പ്രസ്തുത വിഷയത്തിൽ മാന്നാർ ഗ്രന്ഥശാല ഒരു സാദ്ധ്യതാപഠനക്ലാസ്സ്
സംഘടിപ്പിക്കുന്നു. കായംകുളം വിഠോബഹൈസ്കൂൾ അദ്ധ്യാപകൻ (KITE
മാസ്റ്റർ) ശ്രീ.സന്തോഷ്.കെ ക്ലാസ് നയിക്കുന്നു.
കാലിക പ്രസക്തി പരിഗണിച്ച് മാന്നാർ പഞ്ചായത്തിലെ ഗ്രന്ഥശാല
പ്രവർത്തകരുടെ പ്രത്യേക ശ്രദ്ധ ഈ പരിപാടിയിലേക്ക് ഞങ്ങൾ ക്ഷണിക്കുന്നു
താഴെചേർത്തിരിക്കുന്ന കാര്യപരിപാടി അനുസരിച്ചുനടക്കുന്ന ചടങ്ങുകളിൽ താ
ളുടെ സാന്നിദ്ധ്യം സാദരം ക്ഷണിച്ചു കൊണ്ട്.

സ്നേഹത്തോടെ,
സെക്രട്ടറി (ഒപ്പ്)
കെ.ആർ.എസ്.നായർ

മാന്നാർ
21-12-2018

കാര്യപരിപാടി

തീയതി, സമയം, സ്ഥലം: 30.12.2018 ഞായറാഴ്ച വൈകിട്ട് 3.30 ന്
മാന്നാർ ഗ്രന്ഥശാലാ ഹാൾ.

ഈശ്വരപ്രാർത്ഥന :
അദ്ധ്യക്ഷൻ : ശ്രീ. എസ്.പി.എസ്.ഉണ്ണിത്താൻ
(പ്രസിഡന്റ്, മാന്നാർ ഗ്രന്ഥശാല)
സ്വാഗതം : ശ്രീ.കെ.ആർ.എസ്.നായർ (സെക്രട്ടറി)
ഉദ്ഘാടനം : ശ്രീ. എൽ.പി.സത്യപ്രകാശ് (പ്രസിഡന്റ്
ചെങ്ങന്നൂർ താലൂക്ക് ലൈബ്രറി കൗൺസിൽ)
ക്ലാസ് നയിക്കുന്നത് : ശ്രീ. സന്തോഷ്.കെ (KITE മാസ്റ്റർ)
ചർച്ച :
കൃതജ്ഞത : എം.കെ.വി.പിള്ള (ജോ: സെക്രട്ടറി)
ദേശീയഗാനം :



*ഡിജിറ്റൽ ലൈബ്രറി എന്ന വിഷയത്തിൽ 30/12/2018 ന വൈകുന്നേരം മാന്നാർ ഗ്രന്ഥ ശാലയിൽ ഒരു ക്ലാസ് സംഘടിപ്പിച്ചു. ഇതിൽ മാന്നാർ , ചെന്നിത്തല , ചെങ്ങന്നൂർ, ബുധനൂർ, തിരുവല്ല, പാണ്ടനാട് എന്നി സ്ഥലങ്ങളിൽ നിന്നുള്ള ലൈബ്രറികളിൽ നിന്നുള്ള പ്രതിനിധികൾ, പുസ്തക സ്നേഹികൾ , വിദ്യാർത്ഥികൾ , പൊതുജനങ്ങൾ എന്നിവർ പങ്കെടുത്തു. Open office impress ൽ തയാറാക്കിയ slides ഉപയോഗിച്ച നടത്തിയ പ്രസന്റേഷൻ ആളുകൾക്ക് ഒരു പുതിയ അനുഭവം നൽകി .*

******************************

കഴിഞ്ഞുപോയ താളുകൾ
കണ്ട് മറന്ന കാഴ്ചകളും
അർത്ഥപൂർണ്ണമാക്കുവാൻ
രാവും പകലും അദ്ധ്വാനിച്ച
ഒരു പിടി നല്ല സുഹൃത്തുക്കൾ

വായിച്ച പോയ വരികൾക്കിടയിലും
കണ്ട് പോയ കാഴ്ചകൾക്കിടയിലും
തെറ്റ് കുറ്റങ്ങൾ കണ്ടേക്കാം
എങ്കിലും ഇതു കുട്ടികളുടെ
സർഗസൃഷ്ടികളാണെന്നു മനസ്സിലാക്കിയും

യൂണിറ്റ് പ്രവർത്തനത്തിന്റെ
ആദ്യ ചുവടുകളാണെന്നു കണ്ട് മനസ്സിലാക്കിയും
കലാലയത്തിൽ പിച്ച വെച്ച് തുടങ്ങിയ
ആദ്യ മാഗസിന്റെ ഉറയ്ക്കാത്ത
ചുവടുകളെന്നു കണ്ടറിയുക

ഒപ്പം നിന്നവർക്ക് ..................................
കൂടെ നിന്നവർക്ക്.................................
ശക്തി പകർന്നവർക്ക്..........................
വിമർശനങ്ങൾ നടത്തിയവർക്ക് ........................
നിർദേശങ്ങൾ നടത്തിയവർക്ക് ........................

അങ്ങനെ നിരവധി

ഏവരോടുമുള്ള നന്ദിയും കടപ്പാടും സൂക്ഷിച്ചുകൊണ്ട്.........

സ്നേഹപൂർവം



വി എസ് സുമാദേവി
കൈറ്റ് മിസ്ട്രസ്

സന്തോഷ്. കെ
കൈറ്റ് മാസ്റ്റർ

